
# കേരള ഓഡിറ്റ് സർവ്വീസ്

Volume: 1 Issue: 3 Fe b 1, 2021 Pages: 32




കേരള സ്റ്റേറ്റ് ഓഡിറ്റ് അസോസിയേഷൻ



*ഓഡിറ്റേഴ്സ് ഡയറി 2021-ന്റെ പ്രകാശനം തിരുവനന്തപുരത്ത് മുൻമുഖ്യമന്ത്രി ഉമ്മൻചാണ്ടി നിർവഹിക്കുന്നു.*




*മലപ്പുറം ജില്ലയിലെ ഓഡിറ്റ് വിഭാഗം ജീവനക്കാരുടെ പുതുക്കിയ രക്തഗ്രൂപ്പ് ഡയറക്ടറിയുടെ പ്രകാശനം കൊല്ലം ജില്ലാ സീനിയർ ഡെപ്യൂട്ടി ഡയറക്ടർ കെ.പി. മാത്യു റോയി ജില്ലാ സെക്രട്ടറി പി. യൂസഫിനു നൽകിക്കൊണ്ട് നിർവഹിക്കുന്നു.*

# കേരള ഓഡിറ്റ് സർവ്വീസ്

കേരള സ്റ്റേറ്റ് ഓഡിറ്റ് അസോസിയേഷന്റെ പ്രസിദ്ധീകരണം

Volume:1, Issue: 3, Feb 1, 2021

keralaauditservice@yahoo.in

പത്രാധിപ സമിതി:

*എഡിറ്റർ:*
**മണിലാൽ വി.**

*അംഗങ്ങൾ:*
അനിൽകുമാർ കൊട്ടിയം
ഹരികുമാർ ടി.കെ.
എ.ആർ. ജിതേന്ദ്രൻ
കെ.എസ്. നാസറുദ്ദീൻ
അജിമോൻ പി.പി.
കെ. സജികുമാർ
ലതീഷ് പി.
അശോക് എസ്.എസ്.

*എഡിറ്റോറിയൽ കൺസൾട്ടന്റ്:*
**യു.പി. അബ്ദുൾ മജീദ്**

*ഇല്ലസ്ട്രേഷൻസ്:*
**ജയേഷ് ജെ.ബി.**

## ഉള്ളടക്കം

എഡിറ്റോറിയൽ
**മാറിയോ, എയിംസിനോട് അയിത്തം?** 4

**ശമ്പളപരിഷ്ക്കരണത്തിലെ വഞ്ചന** 5

**ഡി.എ. കുടിശ്ശിക- നായനാർ സർക്കാരിന്റെ റെക്കോർഡും മറികടന്ന്** 7

**ശമ്പളപരിഷ്കരണം -ഓഡിറ്റ് അസ്സോസിയേഷൻ ഉന്നയിച്ച ആവശ്യങ്ങളുടെ സംക്ഷിപ്തം** 8

**ഓഡിറ്റ് നിർത്തിവച്ചതിനെതിരെ അസോസിയേഷൻ സർക്കാരിനു നൽകിയ നിവേദനത്തിന്റെ പൂർണ്ണരൂപം** 10

**പ്രോജക്ട് തയ്യാറാക്കൽ** 12
മുഹമ്മദ് സലീം ടി. & മുഹമ്മദ് ഫസലുറഹ്മാൻ

**സ്റ്റോർസ് പർച്ചേസിലെ നൂതന രീതികൾ** 14
സി.എസ്.സന്തോഷ്

**കൺഫർമേഷൻ** 18
മനോജ്കുമാർ റ്റി. ജോർജ്

**പുതുരാശിയെഴുതിയ വിരമിക്കൽ ജീവിതം** 20
വിഷ്ണുപ്രിയ കെ.

**ചരിത്രം വെറുത്ത സാത്വികൻ: സർ സി. പി.** 22
ആൽബർട്ട് ജോസ്

**പരിശിഷ്ട ശ്രേഷ്ഠന്മാർ** 25
എസ്. സാബു

**കനിവ് (കവിത)** 26
പ്രീത എസ്.എസ്.

**നവാഗതരെ പരിചയപ്പെടുത്തുന്നു** 27

**അനശ്വര മന്ത്രങ്ങൾ-1** 27
സി.വി.

മുഖക്കുറിപ്പ്

# മാറിയോ, എയിംസിനോട് അയിത്തം?

സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ ഏക അഡ്മിനായി നടത്തുന്ന 'ഓഡിറ്റ് മലയാളം' എന്ന വാട്സാപ്പ് ഗ്രൂപ്പിൽ അദ്ദേഹം ആഗസ്റ്റ് 21 ന് ഇങ്ങനെ കുറിച്ചു: "ഫെഡറൽ സംവിധാനം തകർക്കാതെ കാക്കാനുള്ള ഇടതുപക്ഷശ്രമങ്ങൾക്കും നിലപാടുകൾക്കും സംസ്ഥാനത്തെ ഒരു ചെറിയ വകുപ്പിന്റെ വലിയ നേട്ടം. ശാരദാ മാഡത്തിന് അകമഴിഞ്ഞ ആദരങ്ങൾ."

ഈ കുറിപ്പിന്റെ ആദ്യഭാഗം പിന്നീട് ചർച്ചചെയ്യാം. എൽ.എസ്.ജി.ഡി. സെക്രട്ടറിക്ക് ആദരം അർപ്പിക്കാൻ ഡയറക്ടറെ പ്രചോദിപ്പിച്ച 'ഒരു ചെറിയ വകുപ്പിന്റെ വലിയ നേട്ടം' എന്താണെന്ന് ആദ്യം പരിശോധിക്കാം. തദ്ദേശസ്ഥാപനങ്ങളുടെ കണക്കുകൾ കേന്ദ്ര പഞ്ചായത്ത്രാജ് മന്ത്രാലയത്തിന്റെ ഓൺലൈൻ പ്ലാറ്റ്ഫോമായ priyasoft- ലേക്ക് നൽകണമെന്നും 2019-20 ലെ 20% ഗ്രാമപഞ്ചായത്തുകളുടെ ഓഡിറ്റ് 'Audit Online' എന്ന പ്ലാറ്റ്ഫോമിലൂടെ ചെയ്യണമെന്നും 15-ാം ധനകാര്യ കമ്മീഷന്റെ ഗ്രാന്റ് ലഭിക്കുന്നതിന് ഇതൊരു മാനദണ്ഡമായിരിക്കുമെന്നും മേയിൽ കേന്ദ്രസർക്കാർ എല്ലാ സംസ്ഥാനങ്ങളേയും അറിയിച്ചു.

കേരളത്തെ ഇതിൽനിന്ന് ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സംസ്ഥാനം 20-08-2020-ൽ കേന്ദ്രത്തിന് ഒരു കത്തു നൽകി. കേരളത്തിൽ 2014 മുതൽ AIMS എന്ന ഓൺലൈൻ സംവിധാനം വഴി പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ 100% ഫിനാൻഷ്യൽ/കംപ്ലയൻസ്/ പെർഫോമൻസ് ഓഡിറ്റ് നടത്തുന്നുണ്ടെന്നും ഇത് സംസ്ഥാന നിയമത്തിന്റെ അടിസ്ഥാനത്തിലും C & AG യുടെ ഓഡിറ്റ് സ്റ്റാൻഡേർഡുകൾക്ക് അനുസൃതവുമാണെന്നും സൂക്ഷ്മവും വിശദവുമായ ഈ ഓഡിറ്റും AIMSഉം നിർദ്ദേശിക്കപ്പെട്ട ഗുണനിലവാരത്തേക്കാൾ മുന്നിലാണെന്നും സംസ്ഥാനത്തിന്റെ കത്തിൽ പറയുന്നു. ഇതാണ് കത്തെഴുതിയ LSGD സെക്രട്ടറിയെ അനുമോദിക്കാൻ ഡയറക്ടറെ പ്രേരിപ്പിച്ചത്. സംസ്ഥാനത്തിന്റെ കത്തിന്റെ അടിസ്ഥാനത്തിൽ 15-ാം ധനകാര്യകമ്മീഷൻ ഗ്രാന്റിന്റെ ഇനിയുള്ള ഗഡുക്കൾ ലഭിക്കുന്നതിന് 20% ഗ്രാമപഞ്ചായത്തുകളുടെ 2019-20-ലെ ഓഡിറ്റ് ഓൺലൈൻ വഴി ആയിരിക്കണമെന്ന നിബന്ധനയിൽനിന്ന് കേരളത്തെ ഒഴിവാക്കിക്കൊണ്ട് 09-09-2020 ന് കേന്ദ്രം കത്തയച്ചിട്ടുണ്ട്.

ഇപ്പോൾ എയിംസിന്റെയും 100% ഓഡിറ്റിന്റെയും പേരിൽ അഭിമാനംകൊള്ളുന്ന വകുപ്പ് നേതൃത്വം ചില ചോദ്യങ്ങൾക്ക് ഉത്തരം പറയേണ്ടതുണ്ട്. 2014-ൽ പ്രവർത്തനമാരംഭിച്ച എയിംസിന്റെ പ്രസന്റേഷൻ കണ്ടശേഷം അക്കൗണ്ടന്റ് ജനറൽ വകുപ്പിനെ പ്രത്യേകം അഭിനന്ദിച്ചിരുന്നു. ഇന്ത്യയിലെതന്നെ ആദ്യത്തെ ഓൺലൈൻ ഓഡിറ്റ് സോഫ്റ്റ്വെയർ എന്ന നിലയിൽ സംസ്ഥാന സർക്കാരും വകുപ്പിനെ പ്രത്യേകം അഭിനന്ദിച്ചിരുന്നു. എന്നാൽ രാജ്യത്തിനുതന്നെ മാതൃകയാകേണ്ടിയിരുന്ന AIMS നെ കഴിഞ്ഞ നാലുവർഷമായി യാതൊരു അപ്ഡേഷനും നടത്താതെ മരവിപ്പിച്ചു നിർത്തുകയാണ് വകുപ്പ് നേതൃത്വം ചെയ്തത്. 'ഇഷ്ടമില്ലാത്ത അച്ചി തൊട്ടതെല്ലാം കുറ്റം' എന്ന മാനസികാവസ്ഥ തന്നെയായിരുന്നു ഈ അവഗണനയ്ക്ക് അടിസ്ഥാനം. വൈകിയാണെങ്കിലും എയിംസിന്റെ മേന്മ തുറന്നു സമ്മതിക്കേണ്ടിവന്നതിനെ കാവ്യനീതി എന്നല്ലാതെന്തു പറയാൻ.

ഇനി ഡയറക്ടറുടെ കുറിപ്പിന്റെ ആദ്യഭാഗത്തേയ്ക്ക് വരാം. ഫെഡറൽ സംവിധാനത്തെ സംരക്ഷിക്കാനുള്ള ഇടതുപക്ഷ ശ്രമങ്ങളുടെ പ്രതീകമായാണ് AIMS നേയും 100% ഓഡിറ്റിനേയും പ്രശംസിച്ചുകൊണ്ടുള്ള എൽ.എസ്.ജി.ഡി. സെക്രട്ടറിയുടെ കത്തിനെ ഡയറക്ടർ തന്റെ കുറിപ്പിൽ വിവക്ഷിക്കുന്നത്. ഇവിടെ രണ്ടു കാര്യങ്ങൾ ഓർക്കേണ്ടതുണ്ട്. ഒന്നാമതായി AIMS വികസിപ്പിച്ചതും പ്രവർത്തനമാരംഭിച്ചതും 2011-16 കാലത്താണ്. അപ്പോൾ ഇതിനെ എങ്ങനെ ഇടതുപക്ഷ ശ്രമമായി കാണാനാകും? രണ്ടാമതായി റാൻഡം സാമ്പിൾ ഓഡിറ്റു മുതൽ ഇപ്പോൾ ഓഡിറ്റിനെ ഫിനാൻഷ്യൽ ഓഡിറ്റിലേക്ക് പരിമിതപ്പെടുത്താനുള്ള ശ്രമങ്ങൾവരെയുള്ള നടപടികൾ വിലയിരുത്തിയാൽ ഓഡിറ്റ് നിയമം വിഭാവനംചെയ്യുന്ന വിശദമായ ഓഡിറ്റിന് (100% ഓഡിറ്റ്) തുരങ്കംവയ്ക്കാനുള്ള പരിഷ്കാരങ്ങൾക്കാണ് നാലുവർഷമായി വകുപ്പു ശ്രമിച്ചുകൊണ്ടിരിക്കുന്നത് എന്നു കാണാനാകും. അപ്പോൾ ഡയറക്ടറുടെ വാട്സാപ്പ് കുറിപ്പും നാലുവർഷം പിന്തുടർന്ന നിലപാടുകളും തമ്മിലുള്ള ബന്ധം കടലും കടലാടിയും പോലെ എന്നു പറയേണ്ടിവരും. എന്തായാലും ഇതൊരു തെറ്റുതിരുത്തലാണെങ്കിൽ ഞങ്ങളതിനെ സ്വാഗതം ചെയ്യുന്നു. ഒപ്പം 2011-16 കാലത്ത് വകുപ്പിൽ നടന്ന പ്രവർത്തനങ്ങൾക്കുള്ള അംഗീകാരമായി സംസ്ഥാനം കേന്ദ്രത്തിനയച്ച കത്തിനെ ഞങ്ങൾ കാണുകയും ചെയ്യുന്നു.

# ശമ്പളപരിഷ്ക്കരണത്തിലെ വഞ്ചന

ധനമന്ത്രി ഡോ. തോമസ് ഐസക് ജനുവരി 15 ന് നിയമസഭയിൽ അവതരിപ്പിച്ച 2021-22-ലെ ബജറ്റിൽ പറയുന്നത്: "സർക്കാർ ജീവനക്കാരുടെ ശമ്പളപരിഷ്ക്കരണം 2021 ഏപ്രിലിൽ നടപ്പാക്കുമെന്നാണ്. ശമ്പളപരിഷ്ക്കരണം നടപ്പാക്കാനുള്ള ഉത്തരവാദിത്വത്തിൽനിന്ന് ഒഴിഞ്ഞുമാറാനും അത് അടുത്ത സർക്കാരിന്റെ ബാദ്ധ്യതയാക്കാനുമാണ് ശ്രമിക്കുന്നത് എന്നു വ്യക്തം.

ശമ്പളപരിഷ്കരണം നടപ്പിലാക്കുന്നതിൽ ഈ സർക്കാരിന്റെ ആത്മാർത്ഥതയില്ലായ്മ നേരത്തെതന്നെ വ്യക്തമായിട്ടുള്ളതാണ്. സെറ്റോയുടെ നേതൃത്വത്തിൽ സർക്കാർ ജീവനക്കാർ പ്രക്ഷോഭപരിപാടികളിലേക്ക് കടന്നശേഷമാണ് കെ. മോഹൻദാസ് ഐഎഎസ് ചെയർമാനായി ശമ്പളകമ്മീഷനെ നിയമിക്കുന്നത്. അതും നാലു മാസം വൈകി. 2019 ജൂലൈ 1 മുതൽ നടപ്പിലാക്കേണ്ട ശമ്പളപരിഷ്കരണത്തിന് കമ്മീഷനെ നിയോഗിച്ചത് 06-11-2019 ലാണ്. പരമാവധി മെല്ലെപ്പോക്കാണ് ഇക്കാര്യത്തിൽ സർക്കാരിന്റെ സമീപനം എന്നു വ്യക്തം. സർക്കാരിന്റെ മനമറിഞ്ഞിട്ടെന്നുപോലെ ഒച്ചിഴയുന്ന വേഗത്തിലായിരുന്നു കമ്മീഷന്റെയും പോക്ക്.

മുൻ ശമ്പളപരിഷ്കരണത്തിന്റെ കാര്യം ഒന്ന് ഓർമ്മിക്കുന്നത് നന്നായിരിക്കും. പത്താം ശമ്പളപരിഷ്കരണ തീയതിയായ 01-07-2014 ന് എട്ടുമാസം മുമ്പ് 30-11-2013 ൽത്തന്നെ ജസ്റ്റിസ് സി.എൻ. രാമചന്ദ്രൻനായർ അദ്ധ്യക്ഷനായി ശമ്പളപരിഷ്കരണ കമ്മീഷനെ ഉമ്മൻചാണ്ടി സർക്കാർ നിയമിച്ചു. അധികാരമൊഴിയുന്നതിനു നാലുമാസം മുമ്പേ 20-01-2016 ൽ ശമ്പളപരിഷ്കരണം നടപ്പിലാക്കുകയും 01-07-2019 മുതലുള്ള കുടിശ്ശിക പണമായി നൽകാൻ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു.

എല്ലാ കാലത്തും ശമ്പളപരിഷ്കരണം സമയബന്ധിതമായി നടപ്പിലാക്കുന്നതിനും ജീവനക്കാർക്ക് മികച്ച ആനുകൂല്യങ്ങൾ നൽകുന്നതിലും ആത്മാർത്ഥസമീപനം സ്വീകരിച്ചിട്ടുള്ളത് കോൺഗ്രസ് നേതൃത്വം നൽകുന്ന സർക്കാരുകളാണെന്ന് ചരിത്രം പരിശോധിച്ചാൽ വ്യക്തമാകും.

അഞ്ചുവർഷത്തിലൊരിക്കൽ ശമ്പളപരിഷ്കരണം എന്ന തത്ത്വം അംഗീകരിച്ച സംസ്ഥാനമാണ് കേരളം. കഴിഞ്ഞ പത്ത് ശമ്പളപരിഷ്കരണങ്ങളിലൂടെയാണ് അല്ലലില്ലാതെ ജീവിക്കാനുള്ള ഭേദപ്പെട്ട സേവനവേതന വ്യവസ്ഥകൾ നമ്മൾ നേടിയെടുത്തത്. കെ.എം. ഉണ്ണിത്താൻ അദ്ധ്യക്ഷനായി ആദ്യ ശമ്പളപരിഷ്കരണം നിലവിൽ വന്നത് 1966-ലാണ്. മൂന്നാം ശമ്പളപരിഷ്കരണ തീയതിയായ 01-07-1978 ന് പത്തുമാസം മുമ്പ് 09-09-1977-ന് കെഎം. ചന്ദ്രഭാനു അദ്ധ്യക്ഷനായി മൂന്നാം ശമ്പളകമ്മീഷനെ ഏ.കെ. ആന്റണി സർക്കാർ നിയമിച്ചു. 01-07-1983-ൽ നടപ്പിലാക്കേണ്ട നാലാം ശമ്പളപരിഷ്കരണത്തിന് മൂന്നു മാസം മുമ്പ് 1983 ഏപ്രിലിൽ വി.പി. ഗോപാലൻ നമ്പ്യാർ അദ്ധ്യക്ഷനായി കമ്മീഷനെ നിയമിച്ചത് കെ. കരുണാകരൻ സർക്കാരാണ്. ആറാം ശമ്പളപരിഷ്കരണ തീയതിയായ 01-07-1993-ന് പതിനാറ് മാസങ്ങൾക്കു മുമ്പ് 01-03-1992-ൽ കേന്ദ്രനിരക്കിൽ ശമ്പളം പരിഷ്കരിച്ചതും കെ. കരുണാകരൻ സർക്കാരാണ്.

നാലാം ശമ്പളപരിഷ്കരണത്തിലൂടെ കെ. കരുണാകരൻ സർക്കാരാണ് 10, 20, 25 വർഷ സമയബന്ധിത ഹയർഗ്രേഡ് നടപ്പിലാക്കിയതും എൽ.ഡി-യു.ഡി. തസ്തികകൾക്ക് 1: 1 റേഷ്യോ അനുവദിച്ചതും ഒരുവർഷത്തേക്ക് അര ശതമാനം എന്ന നിരക്കിൽ പരമാവധി 15% വെയിറ്റേജ് അനുവദിച്ചതും. ഉമ്മൻചാണ്ടി സർക്കാർ നടപ്പിലാക്കിയ എട്ടാം ശമ്പളപരിഷ്കരണത്തിൽ നാലുവർഷ

സർവ്വീസിന് ഒരു ഇൻക്രിമെന്റ് എന്ന നിരക്കിൽ പതിനാറുവർഷ സർവ്വീസിന് നാല് ഇൻക്രിമെന്റ് ശമ്പളനിർണ്ണയത്തിനു ശേഷമുള്ള ഇൻക്രിമെന്റ് നിരക്കിൽ വെയിറ്റേജായി അനുവദിച്ചതിലൂടെ അടിസ്ഥാന ശമ്പളത്തിൽ വലിയ നേട്ടമുണ്ടാക്കാൻ കഴിഞ്ഞു. ഗ്രേഡിന്റെ ദൈർഘ്യം 8, 16, 23 വർഷമായി കുറച്ചതും, ലീവ് സറണ്ടർ മുപ്പതു ദിവസമായി വർദ്ധിപ്പിച്ചതും, കമ്മ്യൂട്ടേഷൻ അടിസ്ഥാന പെൻഷന്റെ മൂന്നിലൊന്നിൽനിന്നും 40% മായി വർദ്ധിപ്പിച്ചതും ഉമ്മൻചാണ്ടി സർക്കാരാണ്.

ഭവനവായ്പയുടെ പരിധി ഇരുപത് ലക്ഷമായും, ഡി.സി.ആർ.ജി. ഏഴു ലക്ഷത്തിൽനിന്ന് പതിനാലു ലക്ഷമായും, മിനിമം ആനുകൂല്യം ആയിരം രൂപയിൽനിന്ന് രണ്ടായിരം രൂപയായും വർദ്ധിപ്പിച്ചതും ചരിത്രത്തിലാദ്യമായി പലിശയോടുകൂടി ശമ്പളപരിഷ്കരണ കുടിശ്ശിക ജീവനക്കാർക്ക് പണമായി അനുവദിച്ചതും പത്താം ശമ്പളപരിഷ്കരണത്തിലാണെന്നത് ജീവനക്കാർക്ക് മറക്കാനാവില്ല.


നോട്ട് നിരോധനവും ജിഎസ്ടിയും പെട്രോളിയം ഉല്പന്നങ്ങളുടെ നിരന്തര വിലവർദ്ധനവും, പൊള്ളുന്ന വിലക്കയറ്റവും, കോവിഡ് പ്രതിസന്ധിയും ജീവനക്കാരുടേതുൾപ്പെടെ ജനജീവിതം ദുരിതപൂർണ്ണമാക്കിയിരിക്കുന്നു. എന്നാൽ അതിന് ആനുപാതികമായ വർദ്ധനവ് ക്ഷാമബത്തയിൽ ഉണ്ടാകുന്നില്ല. കേന്ദ്രം അനുവദിച്ച മൂന്ന് ഗഡു (12%) ഉൾപ്പെടെ അഞ്ച് ഗഡു ക്ഷാമബത്ത സംസ്ഥാന സർക്കാർ കുടിശ്ശികയാക്കിയിരിക്കുന്നു.

താളംതെറ്റിയ കുടുംബബജറ്റുമായി രണ്ടറ്റം കൂട്ടിമുട്ടിക്കാൻ കഴിയാത്ത നിശ്ചിത വരുമാനക്കാരായ സർക്കാർ ജീവനക്കാരുടെ എല്ലാ പ്രതീക്ഷയും വരാനിരിക്കുന്ന ശമ്പളപരിഷ്കരണത്തിലാണ്. എന്നാൽ ശമ്പളപരിഷ്കരണവും ക്ഷാമബത്താ കുടിശ്ശികയും ഈ സർക്കാരിന്റെ കാലത്ത് പ്രതീക്ഷിക്കേണ്ടായെന്ന സൂചനയാണ് ബജറ്റിലൂടെ ധനമന്ത്രി നൽകുന്നത്. സർക്കാരിന് പാദസേവ ചെയ്യുന്നതിൽമാത്രം അഭിരമിക്കുന്ന ഭരണപക്ഷ സർവ്വീസ് സംഘടനകൾ ജീവനക്കാരുടെ അവകാശസംരക്ഷണകാര്യത്തിൽ മൗനം അലങ്കാരമാക്കിയിരിക്കുന്നു. ●

## കേരള സ്റ്റേറ്റ് ഓഡിറ്റ് അസോസിയേഷന്റെ
# പുതിയ സാരഥികൾ



**അനിൽകുമാർ കൊട്ടിയം**
പ്രസിഡണ്ട്



**ടി.കെ. ഹരികുമാർ**
ജനറൽ സെക്രട്ടറി



**ജോൺ മനോഹർ എ.**
വർക്കിംഗ് പ്രസിഡണ്ട്



*"സ്വരാജ്യം എന്നത് കൊണ്ട് ഞാൻ അർഥമാക്കുന്നത് ദരിദ്രരിൽ ദരിദ്രരായവരുടെ മോചനം എന്നാണ്."*
*– ഗാന്ധിജി*

# ഡി.എ. കുടിശ്ശിക

## നായനാർ സർക്കാരിന്റെ റെക്കോർഡും മറികടന്ന്

കഴിഞ്ഞ കാൽനൂറ്റാണ്ടിലെ ക്ഷാമബത്ത കുടിശ്ശികയുടെ ചരിത്രം പരിശോധിച്ചാൽ ഏറ്റവുമധികം ക്ഷമാബത്ത ഗഡുക്കൾ കുടിശ്ശികയാക്കിയിട്ട് അധികാരമൊഴിഞ്ഞതിന്റെ റെക്കോർഡ് 1996-2001 ലെ നായനാർ സർക്കാരിനാണ്. നാല് ഗഡു (11%) ഡി.എ. കുടിശ്ശിക നൽകാതെയാണ് 2001-ൽ ഇടതുസർക്കാർ അധികാരമൊഴിഞ്ഞത്. ഇപ്പോൾ വീണ്ടുമൊരു ഇടതുസർക്കാർതന്നെ ആ റെക്കോർഡ് ഭേദിച്ചിരിക്കുന്നു. ഇതിനകം നാലു ഗഡു കുടിശ്ശികയാക്കിയ ഈ സർക്കാർ 2021-ൽ അധികാരം വിട്ടൊഴിയുമ്പോൾ കുടിശ്ശിക അഞ്ച് ഗഡു ആകും.


01-07-1999-ലെ 5%, 01-01-2000-ലെ 1%, 01-07-2000-ത്തിലെ 3%, 01-01-2001-ലെ 2% ഉൾപ്പെടെ ആകെ 11% ക്ഷാമബത്ത കുടിശ്ശിക തരാതെയാണ് നായനാർ സർക്കാർ തെരഞ്ഞെടുപ്പിനെ നേരിട്ടത്. ആ തെരഞ്ഞെടുപ്പിൽ ഇടതുപക്ഷം കനത്ത തോൽവി ഏറ്റുവാങ്ങി. 01-01-2019, 01-07-2019 തീയതികളിലെ രണ്ടു ഗഡു യഥാക്രമം 2021 ഏപ്രിലിലും ഒക്ടോബറിലുമാണ് ഇപ്പോൾ ബജറ്റിൽ നൽകുമെന്ന് പ്രഖ്യാപിച്ചിരിക്കുന്നത്. ഏപ്രിലിൽ തെരഞ്ഞെടുപ്പ് നടക്കാനിരിക്കെ ബാധ്യത അടുത്ത സർക്കാരിന്റെ തലയിൽവച്ച് തടിയൂരാനാണ് ശ്രമിക്കുന്നത് എന്നു വ്യക്തം.

2001-06-ലെ ഏ.കെ. ആന്റണി, ഉമ്മൻചാണ്ടി സർക്കാരുകളും, 2006-11-ലെ വി.എസ്. സർക്കാരും 2011-16-ലെ ഉമ്മൻചാണ്ടി സർക്കാരും അർഹതപ്പെട്ട മുഴുവൻ ഡി.എ.യും അനുവദിച്ച ശേഷമാണ് അധികാരമൊഴിഞ്ഞത്.

# അഭിനന്ദനങ്ങൾ



**എലന വർഗ്ഗീസ് ജോർജ്**
പ്ലസ് 2 (ബയോ മാത്സ്) എല്ലാ വിഷയങ്ങൾക്കും A+ നേടി. കൊച്ചി കോർപ്പറേഷൻ ഓഡിറ്റിലെ സീനിയർ ഗ്രേഡ് ഓഡിറ്റർ പി.വി.ജോർജിന്റെ മകളാണ്.



**മുഹമ്മദ് അഫ്ത്താബ് എ.എസ്.**
ICSE പത്താം ക്ലാസ് പരീക്ഷയിൽ 94% മാർക്കു നേടി വിജയിച്ചു. കൊല്ലം ക്ഷേമനിധി ഓഡിറ്റിലെ അസി. ഓഡിറ്റ് ഓഫീസർ അജ്മൽ എ.എസിന്റെ മകനാണ്.



**ആയിഷ എസ്.എൻ.**
ICSE പത്താം ക്ലാസ് പരീക്ഷയിൽ 94% മാർക്കു നേടി വിജയിച്ചു. കൊല്ലം ക്ഷേമനിധി ഓഡിറ്റിലെ അസി. ഓഡിറ്റ് ഓഫീസർ കെ.എസ്. നാസറുദ്ദീന്റെ മകളാണ്.

# ശമ്പളപരിഷ്കരണം

## ഓഡിറ്റ് അസ്സോസിയേഷൻ ഉന്നയിച്ച ആവശ്യങ്ങളുടെ സംക്ഷിപ്തം

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിനെ പ്രതിനിധീകരിച്ച് 11-ാം ശമ്പളപരിഷ്കരണ കമ്മീഷൻ മുമ്പാകെ നിവേദനം നൽകുകയും കമ്മീഷന്റെ ക്ഷണം അനുസരിച്ച് ചർച്ചയിൽ പങ്കെടുക്കുകയും ചെയ്ത വകുപ്പിലെ ഏക സർവീസ് സംഘടന കേരള സ്റ്റേറ്റ് ഓഡിറ്റ് അസോസിയേഷനാണ്. ചർച്ചയിൽ വകുപ്പിന്റെയും ജീവനക്കാരുടെയും ആവശ്യങ്ങൾ വ്യക്തവും യുക്തിഭദ്രവുമായി അവതരിപ്പിച്ച അസോസിയേഷൻ പ്രതിനിധികളെ കമ്മീഷൻ ചെയർമാനും അംഗങ്ങളും പ്രത്യേകം അഭിനന്ദിക്കുകയും ചെയ്തു. 13-05-2020 ന് നൽകിയ നിവേദനത്തിലും 27-08-2020 ന് കമ്മീഷനുമായി നടത്തിയ ചർച്ചയിലും ഓഡിറ്റ് അസോസിയേഷൻ ഉന്നയിച്ച ആവശ്യങ്ങളുടെ സംക്ഷിപ്തം ചുവടെ;

1. സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ ഭരണഘടനാ പദവി, വകുപ്പിൽ നിക്ഷിപ്തമായ അർദ്ധ ജുഡീഷ്യൽ ഉത്തരവാദിത്തങ്ങൾ എന്നിവ കൂടി കണക്കിലെടുത്തുകൊണ്ടായിരിക്കണം വകുപ്പിലെ ജീവനക്കാരുടെ വേതനവ്യവസ്ഥകൾ നിശ്ചയിക്കേണ്ടത്.
2. സെക്രട്ടറിയേറ്റ് സമാന സർവ്വീസിൽ ഉൾപ്പെടുന്ന സംസ്ഥാന ഓഡിറ്റ് വകുപ്പിലെ ജീവനക്കാരുടെ ശമ്പളപരിഷ്കരണം സെക്രട്ടറിയറ്റ് പാരിറ്റി എന്ന അടിസ്ഥാനതത്വം അംഗീകരിച്ചുകൊണ്ടാകണം.
3. ക്ലറിക്കൽ അറ്റൻഡർ, ക്ലറിക്കൽ അറ്റൻഡർ ഹയർഗ്രേഡ്, ക്ലറിക്കൽ അസിസ്റ്റന്റ് ഗ്രേഡ് II, ക്ലറിക്കൽ അസിസ്റ്റന്റ് ഗ്രേഡ് I തസ്തികയിൽ സെക്രട്ടറിയേറ്റ് പാരിറ്റി പുനഃസ്ഥാപിക്കണം.
4. ക്ലാസ് ഫോർ തസ്തികകൾ ലോക്കൽഫണ്ട് ഓഡിറ്റ് സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെടുത്തിയ സാഹചര്യത്തിൽ അവയ്ക്ക് നിശ്ചയിച്ചിട്ടുള്ള ഉയർന്ന യോഗ്യതകൾ പരിഗണിച്ച് ഉചിതമായ ശമ്പള സ്കെയിൽ ശുപാർശ ചെയ്യണം.
5. സെക്രട്ടറിയറ്റിലെ അണ്ടർ സെക്രട്ടറി, അണ്ടർ സെക്രട്ടറി ഹയർ ഗ്രേഡ് റേഷ്യോ 2: 1 ആയിരുന്നത് 1:1 ആക്കി നിശ്ചയിച്ചത് സംസ്ഥാന ഓഡിറ്റ് വകുപ്പിലെ ഡെപ്യൂട്ടി ഡയറക്ടർ, ഡെപ്യൂട്ടി ഡയറക്ടർ ഹയർഗ്രേഡ് തസ്തികകൾക്കും ബാധകമാക്കണം
6. ഡയറക്ടറുടെ ശമ്പളസ്കെയിൽ സെക്രട്ടറിയറ്റിലെ സ്പെഷ്യൽ സെക്രട്ടറിയുടേതിന് തുല്യമാക്കണം.
7. ഡയറക്ട്രേറ്റിലെ ജോയിന്റ് ഡയറക്ടർ തസ്തികകൾ അഡീഷണൽ ഡയറക്ടർ തസ്തികകളാക്കി ഉയർത്തി അഡീഷണൽ സെക്രട്ടറിയുടെ ശമ്പളസ്കെയിൽ അനുവദിക്കണം.
8. പത്ത് ജില്ലാ ഓഫീസുകളിലെ സീനിയൽ ഡെപ്യൂട്ടി ഡയറക്ടർ തസ്തികകൾകൂടി ജോയിന്റ് ഡയറക്ടർ തസ്തികയാക്കി ഉയർത്തണം.
9. ഡെപ്യൂട്ടി ഡയറക്ടർ മുതൽ ഡയറക്ടർ വരെയുള്ള തസ്തികകൾക്ക് സ്പെഷ്യൽപേ അനുവദിക്കണം.
10. 9 ജില്ലാ ഓഫീസുകളിൽക്കൂടി ഓഫീസ് സൂപ്രണ്ട് തസ്തിക അനുവദിക്കണം.
11. കമ്പ്യൂട്ടർ അസിസ്റ്റന്റ് തസ്തിക ഇല്ലാത്ത KHRWS, TRIDA, KSHB എന്നീ കൺകറന്റ് ഓഡിറ്റ് ഓഫീസുകളിൽക്കൂടി കമ്പ്യൂട്ടർ അസിസ്റ്റന്റ് തസ്തിക അനുവദിക്കണം.
12. കമ്പ്യൂട്ടർ അസിസ്റ്റന്റ് തസ്തികമാറ്റം വഴി ഓഡിറ്റർ ആകുന്നതിനുള്ള കാലാവധി നാലുവർഷമാക്കണം.
13. സംസ്ഥാന സർക്കാർ ജീവനക്കാരുടെ കുറഞ്ഞ അടിസ്ഥാനശമ്പളം 28,000/- രൂപ ആയും ഉയർന്നത് 1,90,000/- രൂപ ആയും നിശ്ചയിക്കണം.
14. 2019 ജൂലൈ 1 ന് കിട്ടേണ്ട 28% ഡിഎ അടിസ്ഥാന ശമ്പളത്തിൽ ലയിപ്പിക്കണം.
15. ഫിറ്റ്മെന്റ് 25% (മിനിമം 7000/- രൂപ), വെയിറ്റേഡ് 1% (പൂർത്തിയായ ഓരോ വർഷത്തിനും) മിനിമം 4000/- രൂപയും കൂടിയത് 5000/- രൂപയും ആയി നിശ്ചയിക്കണം.

16. ഇംക്രിമെന്റ് കുറഞ്ഞത് 1000/- രൂപയും കൂടിയത് 5000/- രൂപയും ആയി നിശ്ചയിക്കണം.
17. HRA ഗ്രാമപ്രദേശങ്ങളിൽ 8%, മുനിസിപ്പാലിറ്റി 12%, കോർപ്പറേഷൻ 16% എന്നിങ്ങനെ ആയി നിശ്ചയിക്കണം.
18. CCA അടിസ്ഥാന ശമ്പളത്തിന്റെ 3% ആക്കണം.
19. ട്രെയിൻ, ബസ്, ടാക്സി നിരക്ക് വർദ്ധനയ്ക്കും താമസചെലവുകളുടെ വർദ്ധനയ്ക്കും ആനുപാതികമായി ദിനബത്ത, യാത്രാബത്ത നിരക്കുകൾ നിശ്ചയിക്കണം.
20. സമയബന്ധിത ഹയർഗ്രേഡുകൾ 6, 12, 18, 24, 30 വർഷങ്ങൾ പൂർത്തിയാക്കുന്ന മുറയ്ക്ക് നൽകണം.
21. പെൻഷൻ പ്രായം 60 വയസ്സായി ഉയർത്തണം.
22. ലിബറലൈസ്ഡ് ഫാമിലിപെൻഷനുള്ള കാലയളവ് 10 വർഷമായി നിശ്ചയിക്കണം.
23. മിനിമം പെൻഷനുള്ള സർവീസ് 8 വർഷവും പൂർണ്ണ പെൻഷന് 20 വർഷവുമായി നിശ്ചയിക്കണം.
24. പരിധിയില്ലാതെ ആർജ്ജിതാവധി ആർജ്ജിക്കാനും പണമാക്കാനും അനുവദിക്കണം.
25. ഡി.സി.ആർ.ജി. പരിധിയില്ലാതെ നൽകണം.
26. അവസാനത്തെ പത്തുമാസത്തെ ശമ്പളത്തിന്റെ ശരാശരി എന്നതിനുപകരം അവസാന മാസത്തെ ശമ്പളത്തിന്റെ അടിസ്ഥാനത്തിൽ പെൻഷൻ നിശ്ചയിക്കണം.
27. പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉള്ളവരെക്കൂടി ഉൾപ്പെടുത്തി സ്റ്റാറ്റ്യൂട്ടറി പെൻഷൻ പദ്ധതി ശക്തിപ്പെടുത്തണം.
28. എൻ.പി.എസ്.-കാർക്ക് ആശ്രിതനിയമനം കിട്ടുന്നതുവരെ ലഭിക്കുമായിരുന്ന ശമ്പളം മൂന്നിലൊന്നായി വെട്ടിക്കുറച്ചത് റദ്ദാക്കി പൂർണ്ണ ശമ്പളം പുനഃസ്ഥാപിക്കണം.
29. NPS വിഭാഗത്തിന്റെ സംസ്ഥാന പെൻഷൻവിഹിതം 10% ത്തിൽനിന്ന് കേന്ദ്രമാതൃകയിൽ 14 ശതമാനം ആയി ഉയർത്തണം.
30. MEDICEP നടപ്പിലാക്കുമ്പോൾ സർക്കാർ കോൺട്രിബ്യൂഷൻ ഉറപ്പുവരുത്തുകയും നോക്ലെയിം ബോണസ് അനുവദിക്കുകയും വേണം.
31. HBA സർക്കാർ നേരിട്ടു നൽകുന്ന രീതി പുനഃസ്ഥാപിക്കണം.
32. ലോട്ടറി വകുപ്പിന്റെ ഇന്റേണൽ ഓഡിറ്റിന് സംസ്ഥാന ഓഡിറ്റ് വകുപ്പിനെ ചുമതലപ്പെടുത്തണം എന്ന പത്താം ശമ്പളക്കമ്മീഷന്റെ ശുപാർശയുടെ ചുവടുപിടിച്ച് കൂടുതൽ സ്ഥാപനങ്ങളുടെയും വകുപ്പുകളുടെയും ഓഡിറ്റ് ചുമതല സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിക്ഷിപ്തമാക്കുന്നതിന് ശുപാർശ ചെയ്യണം.
33. കൂടുതൽ സ്ഥാപനങ്ങളുടെയും പദ്ധതികളുടെയും ഓഡിറ്റ് സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിക്ഷിപ്തമാക്കുന്നതിന് ആനുപാതികമായി കൂടുതൽ തസ്തികകൾ അനുവദിച്ച് വകുപ്പിനെ ശക്തിപ്പെടുത്തുന്നതിനും ശുപാർശ ചെയ്യണം.

# ആശംസകൾ



*എറണാകുളം ജില്ല ഓഫീസിലെ ഓഡിറ്റ് ഓഫീസർ(HG) പി.കെ. മീനുവിന്റേയും വി.ആർ. അനിൽ കുമാറിന്റേയും മകൾ അനൂപ അനിൽ വിവാഹിതയായി.*

# ഓഡിറ്റ് നിർത്തിവച്ചതിനെതിരെ അസോസിയേഷൻ സർക്കാരിനു നൽകിയ നിവേദനത്തിന്റെ പൂർണ്ണരൂപം

To

തിരുവനന്തപുരം
1-11-2020

ശ്രീമതി. ശാരദാ മുരളീധരൻ
ബഹു: പ്രിൻസിപ്പൽ സെക്രട്ടറി
തദ്ദേശ സ്വയംഭരണ വകുപ്പ്,
ഗവ: സെക്രട്ടറിയേറ്റ്,
തിരുവനന്തപുരം.

സർ,

വിഷയം: തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ 2019-20ലെ ഓഡിറ്റ് നിർത്തിവച്ച സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ നടപടി സംബന്ധിച്ച്.

സൂചന:
(1) സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 4-9-2020-ലെ കെ.എസ്.എ. 793/ എസ്.എസ്.3/2020 നമ്പർ കത്ത്.
(2) സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 17-8-2020-ലെ കെ.എസ്.എ/ 793/ എസ്.എസ്.3/2020 നമ്പർ ഉത്തരവ്
(3) കേന്ദ്ര പഞ്ചായത്ത് രാജ് മന്ത്രാലയത്തിന്റെ 28-7-2020-ലെ F.No.M 11015/ 161/2020 FD നമ്പർ കത്ത്.
(4) തദ്ദേശഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ 20-8-2020-ലെ DO Lr.No.FM3/204/2020/LSGD
(5) കേന്ദ്രപഞ്ചായത്ത് രാജ് മന്ത്രാലയത്തിന്റെ 9-9-2020-ലെ 11/2020/Fin. CSFCA (F No.M.11015/251/2020 D) നമ്പർ കത്ത്.
(6) തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ 1-10-2020-ലെ LSGD നമ്പർ കത്ത്

സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂചന 1 പ്രകാരമുള്ള നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ 2019-20 വർഷത്തെ ഓഡിറ്റ് നിർത്തി വച്ചിരിക്കുകയാണ്. ഇതുവരെ നടത്തിയ 2019-20 വർഷത്തെ ഓഡിറ്റിന്റെ റിപ്പോർട്ടുകൾ പുറപ്പെടുവിക്കുന്നതും തടഞ്ഞിരിക്കുകയാണ്. കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റ് മാത്രമായി നടത്തി റിപ്പോർട്ട് പുറപ്പെടുവിക്കാൻ തീരുമാനിച്ചിട്ടുള്ളതായും സൂചന 2 പ്രകാരമുള്ള ഉത്തരവിൽ വ്യക്തമാക്കിയിരിക്കുന്നു.

മേൽ പ്രകാരമുള്ള രണ്ട് നിർദ്ദേങ്ങളും 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ വകുപ്പ് 2(c) 10, 20 എന്നിവയുടെയും 1996-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 7(2)ന്റെയും ലംഘനമാണെന്ന വസ്തുത അങ്ങയുടെ ശ്രദ്ധയിൽ പ്പെടുത്തിക്കൊള്ളുന്നു.

മേൽ വിഷയവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന വിവരങ്ങൾ കൂടി അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

1) 20 ശതമാനം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ 2019-20-ലെ ഓഡിറ്റ് കേന്ദ്ര സർക്കാരിന്റെ 'ഓഡിറ്റ് ഓൺലൈൻ' എന്ന പ്ലാറ്റ്ഫോംവഴി ചെയ്യണമെന്നും തദ്ദേശ സ്ഥാപനങ്ങളുടെ കണക്കുകൾ കേന്ദ്രത്തിന്റെ'PRIA Soft'എന്ന പ്ലാറ്റ്ഫോമിലേയ്ക്ക് നൽകണമെന്നുമുള്ള സൂചന 3ലെ കേന്ദ്ര സർക്കാർ നിർദ്ദേശമാണ് ഓഡിറ്റ് നിർത്തിവയ്ക്കുന്നതിന് സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ ആധാരമാക്കിയിട്ടുള്ളത് എന്നു കാണുന്നു.
2) തദ്ദേശ സ്ഥാപനങ്ങൾക്ക് 15-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ലഭിക്കുന്നതിന് കേന്ദ്രം വച്ചിട്ടുള്ള 5 ഉപാധികളിൽപ്പെട്ടവയാണ് മേൽ പറഞ്ഞവ.
3) മേൽ ഉപാധികൾ പാലിയ്ക്കുന്നതിന് കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കണക്കുകൾ തയ്യാറാക്കുന്ന തദ്ദേശ സ്വയംഭരണ വകുപ്പിന്റെ SANKHYA, ഓഡിറ്റ് നടത്തുന്നതിനുള്ള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ AIMS എന്നീ സോഫ്റ്റ് വെയറുകളിൽ സാങ്കേതിക ക്രമീകരണങ്ങൾ വരുത്തേണ്ടതുള്ളതിനാലാണ് ഓഡിറ്റ് നിർത്തിവച്ചതെന്നാണ് സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ ഉന്നയിക്കുന്ന വാദം.
4) കേരളത്തിൽ 100% ഫിനാൻഷ്യൽ-കംപ്ലയൻസ്-പെർഫോമൻസ് ഓഡിറ്റ് AIMS എന്ന ഓൺലൈൻ പ്ലാറ്റഫോംവഴി നടക്കുന്നുണ്ടെന്നും ഇത് സംസ്ഥാന നിയമത്തിന്റെ അടിസ്ഥാനത്തിലും C&AG-യുടെ ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾക്ക് അനുസൃതവും ആണെന്നും സൂക്ഷ്മവും വിശദവുമായ ഈ ഓഡിറ്റ് നിർദ്ദേശിക്കപ്പെട്ട ഗുണനിലവാരത്തേക്കാൾ മുന്നിലാണെന്നും ആയതിനാൽ കേരളത്തെ, 'ഓഡിറ്റ് ഓൺലൈൻ' വഴി ഓഡിറ്റ് നടത്തണമെന്ന ഉപാധിയിൽ നിന്ന് ഓഴിവാക്കണമെന്നും സൂചന 4 പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.
5) മേൽ കത്തിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്ഥാപനങ്ങളുടെ ഓഡിറ്റ് റിപ്പോർട്ടുകൾ ഓൺലൈനിൽ ലഭ്യമാകത്തക്കവിധം കേന്ദ്രത്തിന്റെ 'ഓൺലൈൻ ഓഡിറ്റ് ' പ്ലാറ്റ്ഫോമുമായി ലിങ്ക് ചെയ്യണം എന്ന നിബന്ധനയോടെ 2019-20-ലെ ധനകാര്യകമ്മീഷൻ ഗ്രാന്റ് ലഭിയ്ക്കുന്നതിന് 'ഓഡിറ്റ് ഓൺലൈൻ' ഉപയോഗിക്കണമെന്ന ഉപാധിയിൽ നിന്ന് കേരളത്തെ ഒഴിവാക്കിയതായി സൂചന 5 പ്രകാരം കേന്ദ്രസർക്കാർ അറിയിച്ചു.
6) 'ഓഡിറ്റ് ഓൺലൈൻ' വഴി ഓഡിറ്റ് നടത്തണമെന്ന നിബന്ധനയിൽ നിന്ന് കേരളത്തെ ഒഴിവാക്കിയ സാഹചര്യത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഓഡിറ്റ് റിപ്പോർട്ടുകൾ Public domain ൽ അപ്ലോഡ് ചെയ്താൽ മതിയെന്നും ഇപ്രകാരം ഓഡിറ്റ് റിപ്പോർട്ട് അപ്ലോഡ് ചെയ്യപ്പെടേണ്ട 20 ശതമാനം തദ്ദേശസ്ഥാപനങ്ങളുടെ ലിസ്റ്റ് അടിയന്തിരമായി കൈമാറണമെന്നും സൂചന 6 പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറെ അറിയിക്കുകയുണ്ടായി.
7) ക്രമനമ്പർ 5, 6 എന്നീ ഖണ്ഡികയിൽ പ്രതിപാദിക്കുന്ന നിർദ്ദേശങ്ങൾ ലഭിച്ചതോടെ ധനകാര്യ കമ്മീഷൻ മാർഗനിരദ്ദേശങ്ങളിൽ വ്യക്തതയുണ്ടാവുകയും 2019-20 -ലെ ഓഡിറ്റ് നിർത്തിവച്ച സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ നടപടി അപ്രസക്തമാവുകയും ചെയ്തു. കൂടാതെ AIMS -ൽ സാങ്കേതിക ക്രമീകരണങ്ങൾ വരുത്തിയതിന് ശേഷമേ ഓഡിറ്റ് ആരംഭിക്കാനാകൂ എന്ന ഡയറക്ടറുടെ വാദവും അപ്രസക്തമായി. എന്നിട്ടും ഓഡിറ്റ് നിർത്തിവച്ച നടപടി പുനഃപരിശോധിക്കാൻ ഡയറക്ടർ നാളിതുവരെ തയ്യാറായിട്ടില്ല.
8) 'ഓഡിറ്റ് ഓൺലൈനു'മായി ലിങ്കുചെയ്യുന്നതിന് 'AIMS'ൽ സാങ്കേതിക ക്രമീകരണം ആവശ്യമാണെങ്കിൽ തന്നെ കേന്ദ്ര നിർദ്ദേശ പ്രകാരം നടപ്പുവർഷം അത് 20% തദ്ദേശ സ്ഥാപനങ്ങളുടെ ഓഡിറ്റിന്റെ കാര്യത്തിൽ മാത്രം മതിയാകും. അതായത് ശേഷിക്കുന്ന 80 ശതമാനം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കാര്യത്തിൽ നിലവിലുള്ള രീതിയിൽ ഓഡിറ്റ് നടത്തുന്നതിന് യാതൊരു തടസ്സവും ഇല്ലാത്തതാണ്. 'ഓഡിറ്റ് ഓൺലൈനു' മായി ലിങ്ക് ചെയ്യേണ്ട 20% തദ്ദേശ സ്ഥാപനങ്ങളുടെ ഓഡിറ്റ് മാത്രം 'AIMS'ൽ സാങ്കേതിക ക്രമീകരണം വരുത്തിയ ശേഷം ചെയ്താൽ മതിയാകുന്നതാണ്.
9) 1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം, അതിന്റെ പരിധിയിലുള്ള ഏതെങ്കിലും

സ്ഥാപനങ്ങളുടെ ഓഡിറ്റ് പൂർണ്ണമായി നിർത്തിവയ്ക്കാൻ ഡയറക്ടർക്ക് അനുവാദം നൽകുന്നില്ല. നിയമത്തിലെ 20-ാം വകുപ്പനുസരിച്ച് സാഹചര്യം ആവശ്യപ്പെടുന്നപക്ഷം ഏതെങ്കിലും കണക്കുകളുടെയോ ഇടപാടുകളുടെയോ ഓഡിറ്റ് നിർത്തി വയ്ക്കുന്നതിന് മാത്രമാണ് ഡയറക്ടർക്ക് അധികാരമുള്ളത്. അപ്പോഴും അത്തരം കണക്കുകളുടെ പരിമിത പരിശോധന നടത്തിയിരിക്കണം എന്നും നിയമം നിഷ്കർഷിക്കുന്നു. ഇല്ലാത്ത അധികാരം ഉപയോഗിച്ചാണ് ഡയറക്ടർ ഓഡിറ്റ് നിർത്തി വച്ചത് എന്നാണ് ഇതിൽനിന്ന് വ്യക്തമാകുന്നുത്.

10) 2019-20 വർഷത്തെ ഓഡിറ്റ് നിർത്തിവയ്ക്കുന്നതിനും ഓഡിറ്റ് നടന്നുകഴിഞ്ഞ സ്ഥാപനങ്ങളുടെ ഓഡിറ്റ് റിപ്പോർട്ടുകൾ പുറപ്പെടുവിക്കുന്നത് തടയുന്നിതനും ഡയറക്ടർ സർക്കാരിന്റെ അനുമതി തേടിയിട്ടുള്ളതായി കാണുന്നില്ല.

11) കോർപ്പറേഷനുകൾ ഉൾപ്പെടെ കൺകറന്റ് ഓഡിറ്റ് നടക്കുന്ന സ്ഥാപനങ്ങളിലെ ഓഡിറ്റ് നിർത്തിവച്ചിട്ടില്ലെന്നും അവയുടെ ഓഡിറ്റ് തടരുകയാണെന്നുമുള്ള ഡയറക്ടറുടെ വാദം അടിസ്ഥാന രഹിതമാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയാകെ 2019-20-ലെ ഓഡിറ്റ് നിർത്തിവയ്ക്കാനാണ് സൂചന 1 പ്രകാരം ഡയറക്ടർ നിർദ്ദേശം നൽകിയിട്ടുള്ളത്.

12) 1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 10-ാം വകുപ്പ് പ്രകാരം തദ്ദേശ സ്ഥാപനങ്ങൾ ഓഡിറ്റിന് കണക്കുകൾ സമർപ്പിച്ചു കഴിഞ്ഞാൽ 6 മാസത്തിനകം ഓഡിറ്റ് പൂർത്തിയാക്കേണ്ടതുണ്ട്. അല്ലാത്ത പക്ഷം 1960-ലെ സിവിൽസർവീസ് (ക്ലാസ്സിഫിക്കേഷൻ, കൺട്രോൾ ആന്റ് അപ്പീൽ) ചട്ടങ്ങൾ പ്രകാരമുള്ള നടപടിക്ക് ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥർ വിധേയരാകേണ്ടിവരും. ഭൂരിഭാഗം തദ്ദേശസ്ഥാപനങ്ങളും ഏപ്രിൽ മാസം തന്നെ കണക്കുകൾ സമർപ്പിച്ചിട്ടുണ്ടെന്നിരിക്കെ നിയമപരമായ ബാധ്യത നിറവേറ്റാനാകാതെ നടപടിക്ക് വിധേയരാകേണ്ടി വരുന്ന അവസ്ഥയിലാണ് ഓഡിറ്റ് വകുപ്പിലെ ഉദ്യോഗസ്ഥർ.

13) 1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ വകുപ്പ് 2(സി) 1996 ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 7(2) എന്നിവ അനുസരിച്ച് സ്ഥാപനങ്ങളുടെ വിശദമായ ഓഡിറ്റാണ് നടത്തേണ്ടത്. അതനുസരിച്ച് 100% ഫിനാൻഷ്യൽ-കംപ്ലയൻസ്-പെർഫോമൻസ് ഓഡിറ്റാണ് സംസ്ഥാന ഓഡിറ്റ് വകുപ്പ് നടത്തിവരുന്നത്. ഇക്കാര്യം സൂചന 4 പ്രകാരം കേന്ദ്രസർക്കാരിന് LSGD നൽകിയ കത്തിലും വ്യക്തമാക്കിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ തദ്ദേശ സ്ഥാപനങ്ങളുടെ ഓഡിറ്റ് ഫിനാൻഷ്യൽ ഓഡിറ്റ് മാത്രമായി പരിമിതപ്പെടുത്താനുള്ള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂചന 2 പ്രകാരമുള്ള ഉത്തരവ് നിയമവിരുദ്ധമാണ്.

14) അഞ്ച് ജില്ലകളിൽ 2018-19-ലെ ഓഡിറ്റ് പൂർത്തിയാകാത്ത സാഹചര്യത്തിലാണ് 'AIMS'ൽ സാങ്കേതിക ക്രമീകരണങ്ങൾ നടത്തുന്ന ജോലി വൈകുന്നതും 2019-20-ലെ ഓഡിറ്റ് പുനരാരംഭിക്കാൻ കഴിയാത്തതും എന്ന ഡയറക്ടറുടെ വാദവും അടിസ്ഥാന രഹിതമാണ്. അഞ്ച് ജില്ലകളിൽ 2018-19-ലേയും 2019-20-ലേയും ഓഡിറ്റ് ഒരുമിച്ചു നടത്തുന്നതിനും ശേഷിച്ച ജില്ലകളിൽ 2019-20-ലെ ഓഡിറ്റ് നടത്തുന്നതിനും യാതൊരു തടസ്സവും ഇല്ലാത്തതാണ്.

മേൽ വസ്തുതകൾ പരിഗണിച്ച് തദ്ദേശ സ്ഥാപനങ്ങളുടെ 2019-20ലെ ഓഡിറ്റ് പുനരാരംഭിക്കാനും തദ്ദേശ സ്ഥാപനങ്ങളുടെ ഓഡിറ്റ് ഫിനാൻഷ്യൽ ഓഡിറ്റ് മാത്രമായി പരിമിതപ്പെടുത്താനുള്ള നീക്കത്തിൽ നിന്ന് പിന്തിരിയാനും സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

എന്ന്
വിശ്വസ്തതയോടെ,

**അനിൽകുമാർ കൊട്ടിയം**
പ്രസിഡന്റ്

**ഹരികുമാർ. ടി.കെ.**
ജനറൽ സെക്രട്ടറി

**പൊതുമരാമത്ത് ഓഡിറ്റ് - 2**

# പ്രോജക്ട് തയ്യാറാക്കൽ

**മുഹമ്മദ് സലീം ടി. & മുഹമ്മദ് ഫസലുറഹ്മാൻ**

മറ്റു പ്രോജക്റ്റുകളെപോലെതന്നെ പൊതു മരാമത്ത് പ്രോജക്റ്റുകളും അടിസ്ഥാനപരമായി ഗ്രാമ/വാർഡ് സഭകളിൽനിന്നുള്ള നിർദ്ദേശങ്ങളായാണ് ഉയർന്നു വരേണ്ടത്. ഈ നിർദ്ദേശങ്ങളെ തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ ക്രോഡീകരിക്കുന്നത് പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് ആണ്. ഇങ്ങനെ പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് ക്രോഡീകരിച്ച ലിസ്റ്റിൽ ഉൾപ്പെട്ട പ്രോജക്റ്റുകൾക്കാണ് പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റി/ഭരണസമിതി ഭരണാനുമതി നൽകേണ്ടത്.

ഭരണാനുമതി നൽകാൻ ചുമതലപ്പെട്ട അധികാരസ്ഥാനം സംബന്ധിച്ച നിർദ്ദേശങ്ങൾ ത്രിതലപഞ്ചായത്തുകളുടെ കാര്യത്തിൽ 1997-ലെ കേരള പഞ്ചായത്ത്രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ് )ചട്ടങ്ങളിലെ ചട്ടം 4(1)ലും നഗരപാലികാ സ്ഥാപനങ്ങളുടെ കാര്യത്തിൽ കേരള മുനിസിപ്പാലിറ്റി ആക്റ്റ് വകുപ്പ് 217(1)ലും ആണ് ഉള്ളത്. ഗ്രാമപഞ്ചായത്തുകളിൽ 25000 രൂപക്ക് മുകളിലുള്ള പ്രോജക്റ്റുകൾക്കും ബ്ലോക്ക് പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും 50000 രൂപക്ക് മുകളിലുള്ള പ്രോജക്റ്റുകൾക്കും ജില്ലാപഞ്ചായത്തുകളിലും കോർപ്പറേഷനുകളിലും ഒരു ലക്ഷം രൂപക്ക് മുകളിലുള്ള പ്രോജക്റ്റുകൾക്കും ഭരണസമിതി തന്നെ ഭരണാനുമതി നൽകണം. പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഭരണാനുമതി മതിയാകുന്നത് ഇതിലും കുറഞ്ഞ തുകയ്ക്കുള്ള പ്രോജക്റ്റുകൾക്ക് മാത്രമാണ്.

ഏറ്റെടുക്കുന്ന മരാമത്ത് പ്രവൃത്തികളുടെ മതിപ്പ് ചെലവ് സംബന്ധിച്ച ധാരണ ഭരണാനുമതി നൽകുന്ന അധികാരസ്ഥാനത്തിനു ഉണ്ടാകേണ്ടതുണ്ട്. ഇതിനുവേണ്ടി ഭരണാനുമതിക്ക് സമർപ്പിക്കുന്ന ഓരോ പ്രോജക്റ്റുകളുടെയും ഒരു റഫ് കോസ്റ്റ് എസ്റ്റിമേറ്റ് കൂടി തയ്യാറാക്കണം (ഇതിന് പ്രിലിമിനറി എസ്റ്റിമേറ്റ് എന്നും പറയും). അസിസ്റ്റന്റ് എഞ്ചിനീയർ സൈറ്റ് പരിശോധിച്ച് നിലവിലുള്ള ഷെഡ്യൂൾ ഓഫ് റേറ്റ് പ്രകാരമാണ് റഫ് കോസ്റ്റ് എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടത്.

ഭരണാനുമതി താഴെ പറയുന്നകാരണങ്ങളാൽ റദ്ദാകാം:

1) ഭരണാനുമതി ലഭിച്ച് അഞ്ച് വർഷത്തിനകം പ്രവൃത്തി ആരംഭിക്കാതിരിക്കുക
2) വിശദമായ എസ്റ്റിമേറ്റ് തുക ഭരണാനുമതിയെക്കാൾ 15% വർദ്ധിക്കുക (ഷെഡ്യൂൾ നിരക്ക് വർധിപ്പിച്ചതു കാരണമാണ് ഈ വർദ്ധന എങ്കിൽ റദ്ദാകില്ല.)

ഭരണാനുമതി നൽകുമ്പോൾ തന്നെ പ്രവൃത്തി നടത്തേണ്ട രീതി (കരാർകാർ വഴിയോ ഗുണഭോക്തൃ സമിതി വഴിയോ നേരിട്ടോ) എന്നുകൂടി തീരുമാനിക്കേണ്ടതുണ്ട്. (പൊ.മ.ച ചട്ടം 3-3).

മറ്റു പ്രൊജക്റ്റുകളിൽ നിന്ന് വ്യത്യസ്തമായി പൊതുമരാമത്ത് പ്രോജക്റ്റുകളുടെ നിർവ്വഹണത്തിനു വിശദമായ എസ്റ്റിമേറ്റ് കൂടി തയ്യാറാക്കേണ്ടതുണ്ട്.

മരാമത്ത് പ്രവൃത്തികൾക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് പ്രൈസ് സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ്. (PRICE - PRoject Information and Cost Estimation). PWD കെട്ടിട വിഭാഗത്തിൽ 2014 ജനുവരി മുതൽ ഉപയോഗിക്കാൻ ആരംഭിച്ച ഈ സോഫ്റ്റ്‌വെയർ 2016 ഫെബ്രുവരി മുതലാണ് LSGD എഞ്ചിനീയറിംഗ് വിഭാഗത്തിൽ ഉപയോഗിച്ച് തുടങ്ങിയത്. നിലവിൽ IRC മാർഗനിർദേശ പ്രകാരം MORTH, MoRD ഡാറ്റ റോഡ് പ്രവൃത്തികൾക്കും നാഷനൽ ബിൽഡിംഗ് കോഡ് പ്രകാരമുള്ള CPWD ഡാറ്റ കെട്ടിടം പ്രവൃത്തികൾക്കും ആധാരമാക്കിയാണ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നത്. ഡാറ്റാബുക്കിൽ പരാമർശിക്കാത്തതും പ്രാദേശികമായി ലഭ്യമായ സാമഗ്രികൾ ഉപയോ

ഗിച്ചുമുള്ള പ്രവൃത്തി ഇനങ്ങൾ ഉൾപ്പെടുത്തേണ്ട തുണ്ടെങ്കിൽ ഒബ്സർവ്ഡ് ഡാറ്റ തയ്യാറാക്കി അംഗീകാരം നേടി എസ്റ്റിമേറ്റിൽ ഉൾപ്പെടുത്താവുന്നതാണ്.

ഡാറ്റാ പ്രകാരമുള്ള പ്രവൃത്തികൾക്ക് അനുവദിക്കാവുന്ന നിരക്കാണ് ഷെഡ്യൂൾ ഓഫ് റേറ്റ്. ഇത് കാലാകാലങ്ങളിൽ പുതുക്കി നിശ്ചയിക്കാറുണ്ട്. നിലവിൽ 2016 ലെ ഡൽഹി അനാലിസിസ് ഓഫ് റേറ്റ്സ് പ്രകാരമുള്ള നിരക്കുകളാണ് പ്രാബല്യത്തിലുള്ളത്. എന്നാൽ ചില ഇനങ്ങൾക്ക് മാർക്കറ്റ് റേറ്റ് നൽകാറുണ്ട്. ഉദാഹരണമായി ടാറിന്റെ വില കാലാകാലങ്ങളിൽ പരിഷ്ക്കരിക്കുകയാണ് ചെയ്യുന്നത്. വിവിധ ഡാറ്റ പ്രകാരം പ്രവൃത്തികൾക്ക് അംഗീകരിക്കപ്പെട്ട നിരക്ക് അടിസ്ഥാന നിരക്കായി കണക്കാക്കി അതിന്റെ കൂടെ ഓരോ പ്രദേശത്തിനും ബാധകമായ കോസ്റ്റ് ഇൻഡക്സ് കൂടി അനുവദിച്ചാണ് എസ്റ്റിമേറ്റ് നിരക്ക് കണക്കാക്കുന്നത്. ടാറിന്റെയും മാർക്കറ്റ് റേറ്റ് അനുവദിച്ച് നൽകുന്ന മറ്റു ഇനങ്ങളുടെയും വിലയോടൊപ്പം കോസ്റ്റ് ഇൻഡക്സ് അനുവദിക്കാൻ പാടില്ല.

കരാറുകാർ മുഖേന നടത്തുന്ന പ്രവൃത്തികളിൽ അംഗീകൃത നിരക്കിന്റെ 15% CP&OH (10% CP& 5% OH)ആയി അനുവദിച്ച് നൽകാവുന്നതാണ്. എന്നാൽ റോഡ് പ്രവൃത്തികൾ MoRTH, MoRD സ്പെസിഫിക്കേഷനിൽ നടപ്പാക്കുമ്പോൾ വിവിധ ഇനം പ്രവൃത്തികൾക്ക് ഇതിന് വിഭിന്നമായി 10%, 15%, 20% നിരക്കിൽ OH അനുവദിച്ചുനൽകുന്നുണ്ട്. ഗുണഭോക്തൃ സമിതികൾ മുഖേന പ്രവൃത്തി നടത്തുമ്പോൾ നിരക്കിന്റെ 7.5% ആണ് ഓവർഹെഡ് ചാർജ്ജായി എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി നൽകാവുന്നത്.

സോഫ്റ്റ്‌വെയറിൽ തയ്യാറാക്കുന്ന എസ്റ്റിമേറ്റുകളിൽ തുകകളുടെ ഗണിതശാസ്ത്രപരമായ കൃത്യത വിശ്വസനീയമാകാമെങ്കിലും ഓരോ പ്രവൃത്തികൾക്കും വേണ്ട ശരിയായ ഇനം ഡാറ്റ ഉൾപ്പെടുത്താതിരിക്കുക, കൺവീനർ വർക്കുകൾക്ക് ലാഭവിഹിതം അനുവദിച്ചുകൊണ്ടുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുക, അതാത് മേഖലക്ക് ബാധകമല്ലാത്ത തെറ്റായ കോസ്റ്റ് ഇൻഡക്സ് ഉൾപ്പെടുത്തുക, ഒബ്സർവ്ഡ് ഡാറ്റ തയ്യാറാക്കുമ്പോൾ മാർക്കറ്റ് റേറ്റ് പരിഗണിച്ച ഇനങ്ങൾക്ക് കോസ്റ്റ് ഇൻഡക്സ് അനുവദിക്കുക തുടങ്ങിയ ചില അപാകതകൾ എസ്റ്റിമേറ്റിൽ ഉണ്ടാകാൻ സാധ്യതയുള്ളവയാണ്.

റഫ് കോസ്റ്റ് എസ്റ്റിമേറ്റ് തയ്യാറാക്കി മതിപ്പ് ചെലവ് നിശ്ചയിക്കുമ്പോഴും വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോഴും പ്രോജക്റ്റിന്റെ പൂർണ്ണത ഉറപ്പുവരുത്തേണ്ടതാണ്. ഉദാഹരണമായി ഒരു കെട്ടിടനിർമ്മാണത്തിനു പ്രോജക്റ്റ് തയ്യാറാക്കുമ്പോൾ ഇലക്ട്രിഫിക്കേഷൻ, പ്ലമ്പിംഗ് എന്നിവക്ക് കൂടി തുക വകയിരുത്തേണ്ടതുണ്ട്. പാലം നിർമ്മാണ പ്രോജക്റ്റുകളിൽ ആവശ്യമെങ്കിൽ അപ്രോച്ച് റോഡ്, പാരപ്പറ്റ്, സൈൻ ബോർഡ് എന്നിവ കൂടി ഉൾപ്പെടുത്തേണ്ടതാണ്. കുടിവെള്ള/ ജലസേജന പ്രോജക്റ്റുകളിൽ ആദ്യം ജലലഭ്യത ഉറപ്പ് വരുത്തണം. പമ്പിംഗ് ആവശ്യമാണെങ്കിൽ വൈദ്യുതി കണക്ഷൻ സ്ഥാപിക്കാൻ വേണ്ട തുക കൂടി വകയിരുത്തണം.

അപ്രോച്ച് റോഡിനാവശ്യമായ സ്ഥലം ലഭ്യമാകുന്നതിനു മുമ്പേ പാലം പണിയുന്ന പ്രോജക്റ്റുകൾ നടപ്പിലാക്കുന്നത് വഴി പലപ്പോഴും പാലം ഉപയുക്തമാക്കാൻ സാധിക്കാതെ വരാറുണ്ട്. കുടിവെള്ള /ജലസേജന പ്രോജക്റ്റുകളിൽ വൈദ്യുതി ലഭ്യത ഉറപ്പാക്കുന്നതിന്റെ മുമ്പേ പമ്പ് സെറ്റുകൾ സ്ഥാപിക്കുന്നത് വഴി അവ നിഷ്ക്രിയ ആസ്തിയായി തുരുമ്പെടുത്ത് നശിക്കാറുണ്ട്. കുടിവെള്ള/ജലസേജന പ്രോജക്റ്റുകളിലെ നിർമ്മാണ പ്രവൃത്തികൾ കരാറുകാരൻ പൂർത്തീകരിക്കുകയും അതേ സമയം വൈദ്യുതി കണക്ഷന് കെ.എസ്.ഇ.ബിയുമായി ബന്ധപ്പെട്ട് ചെയ്യേണ്ട പ്രവർത്തനങ്ങൾ യഥാസമയം ചെയ്യപ്പെടാതിരിക്കുന്നതും വഴി ട്രയൽ റൺ നടത്തുന്നതിന്റെ മുമ്പേ ഫൈനൽ ബിൽ നൽകപ്പെടുന്ന സാഹചര്യം ഉണ്ടാകാറുണ്ട്.

കെട്ടിടനിർമ്മാണം ഉൾപ്പെടെ വലിയ മുതൽ മുടക്ക് ആവശ്യമായ പ്രോജക്റ്റുകൾ ബഹുവർഷ പ്രോജക്റ്റുകൾ ആയി നിർവ്വഹണം നടത്തേണ്ടി വരും. ഇത്തരം പ്രോജക്റ്റുകളിൽ ഓരോ വർഷവും പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികളും അതിന്റെ അടങ്കലും വെവ്വേറെ രേഖപ്പെടുത്തണം.

ഒരു പ്രോജക്റ്റിന്റെ ഫലപ്രദമായ പൂർത്തീകരണത്തിനാവശ്യമായ എല്ലാ ഘടകങ്ങളും പ്രോജക്റ്റ് തയ്യാറാക്കുമ്പോൾത്തന്നെ ഉൾപ്പെടുത്തിയിരുന്നുവോ എന്ന് ഓഡിറ്റർ പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്. ●

# സ്റ്റോർസ് പർച്ചേസിലെ നൂതന രീതികൾ

സി.എസ്.സന്തോഷ്

**ആമുഖം**

കേരളത്തിലെ പൊതുസമാഹരണത്തെ നിയന്ത്രിക്കുന്നതിനുള്ള അടിസ്ഥാന മാനദണ്ഡങ്ങൾ ഉൾപ്പെടുന്ന പുതുക്കിയ സ്റ്റോർസ് പർച്ചേസ് മാന്വൽ 21-06-2013 നാണ് സർക്കാർ അംഗീകരിച്ചത്. വാങ്ങൽ നടപടിക്രമങ്ങളിൽ കാര്യക്ഷമത, മിതവ്യയത്വം, ഉത്തരവാദിത്തം എന്നിവ ഉറപ്പാക്കുന്നതിനുള്ള മാനദണ്ഡങ്ങളാണ് 19 അധ്യായങ്ങളിലായി ഉൾപ്പെടുത്തിയിട്ടുള്ളത്. പുതുക്കിയ മാന്വൽ പുറപ്പെടുവിച്ചതിനുശേഷം മാന്വലിലെ അനേകം നിബന്ധനകളിൽ ഭേദഗതികൾ ഉണ്ടായിട്ടുണ്ട്. സമീപകാലത്തെ ഭേദഗതികളിൽ അധികവും പരമ്പരാഗത രീതിയിലുള്ള വാങ്ങൽ നടപടിക്രമങ്ങളിൽ നിന്നും വ്യത്യസ്തമായ നടപടിക്രമങ്ങൾ ഉൾപ്പെടുന്നതാണ്. കേരളത്തിലെ സ്റ്റോർസ് പർച്ചേസ് മേഖലയിൽ ഉണ്ടായിട്ടുള്ള പ്രധാന മാറ്റങ്ങൾ ഏതൊക്കെയെന്നുള്ള വിലയിരുത്തലുകളാണ് താഴെ ചേർക്കുന്നത്.

**ഗവൺമെന്റ് ഇ-മാർക്കറ്റ്പ്ലേസ് (GeM)**

2016 ജൂലൈ വരെ കേന്ദ്ര സർക്കാരിന്റെ ഡി.ജി.എസ്&ഡി റേറ്റ് കോൺട്രാക്റ്റ് രീതി പ്രകാരം നിശ്ചിത നിരക്കിൽ സാധനങ്ങൾ വിതരണക്കാരിൽ നിന്നും നേരിട്ടു വാങ്ങുന്ന സമ്പ്രദായമാണ് നിലവിലുണ്ടായിരുന്നത്. പരമ്പരാഗത രീതിയിലുള്ള വാങ്ങൽ സമ്പ്രദായം കേന്ദ്ര സർക്കാർ അവസാനിപ്പിക്കുകയും 2016 ജൂലൈയിൽ സർക്കാർ സ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനായി GeM എന്ന പേരിൽ ഒരു ഓൺലൈൻ പ്ലാറ്റ്ഫോം രൂപീകരിക്കുകയും ചെയ്തു. 2017 ലെ ജനറൽ ഫിനാൻഷ്യൽ റൂളിൽ ചട്ടം 149 ഉൾപ്പെടുത്തി കേന്ദ്ര സർക്കാർ ഉപയോക്താക്കൾക്ക് GeM മുഖേനയുള്ള വാങ്ങലിന് അനുമതി നൽകുകയും ആയത് നിർബന്ധമാക്കുകയും ചെയ്തു. 2019 ഏപ്രിൽ വരെ കേരളത്തിൽ GeM മുഖേനയുള്ള വാങ്ങൽ നിർബന്ധമായിരുന്നില്ല.

**GeM ഉം കേരളവും**

GeM ൽ നിന്നും സാധനങ്ങൾ സമാഹരിക്കുന്നത് കേരളത്തിലെ സർക്കാർ സ്ഥാപനങ്ങളിൽ ബാധകമാക്കുന്നതിനുള്ള ആദ്യഘട്ടം എന്ന നിലയിൽ 2018 ഏപ്രിൽ മാസത്തിലാണ് സ്റ്റോർസ് പർച്ചേസ് മാന്വലിൽ 19 എന്ന പുതിയ ഒരു അധ്യായം കൂട്ടിച്ചേർത്ത് വിവിധ മാനദണ്ഡങ്ങൾ രൂപീകരിച്ചത്. ചട്ടങ്ങളിൽ കൂട്ടിച്ചേർക്കൽ വരുത്തിയെങ്കിലും കേരളത്തിലെ സർക്കാർ സ്ഥാപനങ്ങൾക്ക് GeM നിർബന്ധമാക്കിയിരുന്നില്ല. സ.ഉ(പി)നം.7/19/എസ്.പി.ഡി തിയതി 26-04-2019 പ്രകാരമാണ് ആയത് നിർബന്ധമാക്കിയത്.

കേരളത്തിലെ സർക്കാർ സ്ഥാപനങ്ങൾ, GeM ൽ ലഭ്യമായിട്ടുള്ള 25000 രൂപയ്ക്ക് മുകളിലുള്ള സാധനങ്ങളും സേവനങ്ങളും നിർബന്ധമായും GeM മുഖേന വാങ്ങേണ്ടതാണ് എന്ന നിബന്ധന സ്റ്റോർസ് പർച്ചേസ് മാന്വലിൽ ഉൾപ്പെടുത്തിയതോടെ കേരളത്തിലെ സർക്കാർ മേഖല

യിലെ ഭൂരിഭാഗം സമാഹരണങ്ങളും GeM ലേക്ക് മാറുകയും പരമ്പരാഗത വാങ്ങൽ രീതികൾ പരിമിതപ്പെടുകയും ചെയ്തു.

**മറ്റു വാങ്ങൽ രീതികളും പരിമിതികളും**

നിലവിൽ ക്വട്ടേഷൻ, ലിമിറ്റഡ് ടെണ്ടർ, ഇ-പ്രൊക്യുർമെന്റ് ഉൾപ്പെടെയുള്ള ഓപ്പൺ ടെണ്ടർ മുതലായ മറ്റ് വാങ്ങൽ രീതികൾ താഴെ പറയുന്ന വാങ്ങലുകൾക്ക് മാത്രമായി പരിമിതപ്പെട്ടിട്ടുണ്ട്.

- 25000 രൂപയിൽ കുറവുള്ള സാധനങ്ങൾ വാങ്ങുന്നതിന്
- GeMൽ ലഭ്യമല്ലാത്ത 25000 രൂപയ്ക്ക് മുകളിലുള്ള സാധനങ്ങൾ വാങ്ങുന്നതിന്
- GeMൽ നിന്നും സാധനങ്ങൾ വാങ്ങുന്നത് സർക്കാർ ഒഴിവാക്കി നൽകിയിട്ടുള്ള വകുപ്പുകളുടെ വാങ്ങലിന്
- കൂടാതെ കമ്പ്യൂട്ടറുകളും അനുബന്ധ സാമഗ്രികളും GeMൽ നിന്നും വാങ്ങുന്നത് നിർബന്ധമല്ലെങ്കിലും ആയത് കേരള സർക്കാരിന്റെ ഓൺലൈൻ പോർട്ടൽ ആയ cpcrs മുഖേന വാങ്ങുന്നത് നിർബന്ധമാക്കിയിട്ടുണ്ട്.

**GeMലെ സാമ്പത്തിക മാനദണ്ഡങ്ങളും സ്റ്റോർസ് പർച്ചേസ് മാന്വലും**

കേന്ദ്ര ധനമന്ത്രാലയത്തിന്റെ ഓഫീസ് മെമ്മോറാണ്ടം നം. എഫ്.1/26/2018-പിപിഡി തിയതി 2-4-2019 പ്രകാരം ജി.എഫ്.ആർ, 2017 ലെ റൂൾ 149 ഭേദഗതി ചെയ്തിട്ടുണ്ട്. ഭേദഗതി പ്രകാരം 25000 രൂപ വരെയുള്ള സാധനങ്ങൾ ഏതു വിതരണക്കാരനിൽ നിന്നും വാങ്ങാവുന്നതാണ്. 25000 രൂപ മുതൽ 5 ലക്ഷം രൂപ വരെയുള്ള സാധനങ്ങൾ, കുറഞ്ഞത് മൂന്ന് വ്യത്യസ്ത നിർമ്മാതാക്കളിൽ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ നിർമ്മാതാവിൽ നിന്നും വാങ്ങാവുന്നതാണ്. 5 ലക്ഷം രൂപയ്ക്ക് മുകളിലുള്ള സാധനങ്ങൾ, GeMൽ ലഭ്യമായ ഓൺലൈൻ ബിഡ്ഡിംഗ്, ഓൺലൈൻ റിവേഴ്സ് ഓക്ഷൻ സംവിധാനം ഉപയോഗിച്ച് നിർബന്ധമായും ബിഡ്ഡുകൾ ലഭ്യമാക്കി കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ വിതരണക്കാരനിൽ നിന്നും വാങ്ങേണ്ടതാണ്. വാഹനങ്ങൾ നിർബന്ധമായും GeM മുഖേന വാങ്ങേണ്ടതാണെന്ന് നിബന്ധനയുണ്ടെങ്കിലും സാമ്പത്തിക മാനദണ്ഡങ്ങൾ വ്യത്യസ്തമാണ്.

ജി.എഫ്.ആറിൽ 2-4-2019 ൽ വരുത്തിയിട്ടുള്ള മാറ്റങ്ങൾക്കനുസരിച്ച് നാളിതുവരെ സ്റ്റോർസ് പർച്ചേസ് മാന്വലിൽ ആവശ്യമായ ഭേദഗതികൾ വരുത്തിയിട്ടില്ല. ജി.എഫ്.ആർ പ്രകാരമുള്ള മാനദണ്ഡങ്ങൾ അനുസരിച്ച് മാത്രമേ GeMൽ നിന്നും സാധനങ്ങൾ വാങ്ങുവാൻ സാധിക്കുകയുള്ളൂ എന്ന ധാരണ വാങ്ങൽ നടത്തുമ്പോൾ ഉണ്ടാകേണ്ടതാണ്.

**cprcs- Centralized Procurement and Rate Contract System**

കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും കേന്ദ്രീകൃതമായി വാങ്ങുന്നതിനുള്ള ഓൺലൈൻ പോർട്ടൽ ആയ cprcs മുഖേനയുള്ള വാങ്ങൽ രീതി കേരള സർക്കാർ സ്ഥാപനങ്ങൾക്ക് നിർബന്ധമാക്കിയിട്ടുണ്ട്. cprcs എന്ന കേന്ദ്രീകൃത വാങ്ങൽ സമ്പ്രദായത്തിന്റെ ഏജൻസിയായി കെൽട്രോണിനെയാണ് നിയോഗിച്ചിട്ടുള്ളത്. നിരക്കുകൾ രൂപീകരിക്കുന്നതിനുള്ള ചുമതലയും കെൽട്രോണിനാണുള്ളത്. സ.ഉ(ആർ.ടി)നം.25/2018/ ഐ.ടി.ഡി തിയതി 01-02-2018 പ്രകാരം പോർട്ടൽ ഉപയോഗിക്കുന്നതിനുള്ള മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. www.cprcs.kerala.gov.in എന്ന ഓൺലൈൻ പോർട്ടലിൽ സർക്കാർ സ്ഥാപനങ്ങൾക്ക് രജിസ്റ്റർ ചെയ്യാവുന്നതും യൂസർ നെയിം, പാസ്‌വേർഡ് എന്നിവ ലഭ്യമാക്കി നേരിട്ട് വാങ്ങൽ നടത്താവുന്നതുമാണ്. സാധാരണയായി ഉപയോഗിക്കുന്ന ഐ.ടി. ഹാർഡ്‌വെയറുകളുടെ നിരക്ക് പരിശോധിച്ചതിനുശേഷം ആവശ്യമായ ഇനം തെരഞ്ഞെടുക്കാവുന്നതാണ്. തുക മുൻകൂറായി നൽകുന്നതിനുള്ള നിബന്ധനയമുണ്ട്. പി.സി, ലാപ്ടോപ്പ്, പ്രിന്റർ, യു.പി.എസ്., സ്കാനർ, ഫോട്ടോകോപ്പിയർ മുതലായ ഇനങ്ങൾ പോർട്ടലിൽ ലഭ്യമാണ്.

**CPRCS ഉം സ്റ്റോർസ് പർച്ചേസ് മാന്വലും**

സർക്കാർ ആവിഷ്കരിച്ച സെൻട്രലൈസ്ഡ് പ്രൊക്യുർമെന്റ് സംവിധാനത്തിലൂടെ മാത്രമേ സർക്കാർ സ്ഥാപനങ്ങൾ ഐ.ടി. ഉപകരണങ്ങൾ വാങ്ങുവാൻ പാടുള്ളൂ എന്ന് ഐ.ടി. സെൽ-1/26/2019/വി.സ.വ തിയതി 18-03-2019 സർക്കുലർ പ്രകാരം ആദ്യഘട്ടത്തിൽ സർക്കാർ നിർദ്ദേശിക്കുകയും തുടർന്ന് സ്റ്റോർസ് പർച്ചേസ് മാന്വലിൽ നിബന്ധന ഉൾപ്പെടുത്തുകയും ചെയ്തു.

സ.ഉ(പി)നം.10/2019/എസ്.പി.ഡി തീയതി 22-08-2019 പ്രകാരം സ്റ്റോർസ് പർച്ചേസ്

മാന്വലിൽ 7.52 എന്ന പുതിയ ഖണ്ഡിക കൂട്ടി ച്ചേർക്കുകയും വിവിധ സർക്കാർ സ്ഥാപനങ്ങൾ പൊതുവായി ഉപയോഗിക്കുന്ന ഹാർഡ്‌വെയർ ഇനങ്ങൾ CPRCS എന്ന ഓൺലൈൻ പോർട്ടൽ മുഖേനയുള്ള വാങ്ങൽ ഒരു സംഭരണ രീതിയായി അംഗീകരിച്ചു. ഇലക്ട്രോണിക്സ് ആന്റ് ഐ.ടി. വകുപ്പ് കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗരേഖകൾ വാങ്ങൽ ഓഫീസർമാർ പാലി ക്കേണ്ടതാണ് എന്നും ഖണ്ഡികയിൽ സൂചിപ്പിച്ചി ട്ടുണ്ട്.

ഇതോടെ സർക്കാർ സ്ഥാപനങ്ങളിൽ കമ്പ്യൂട്ടറുകളും മറ്റ് അനുബന്ധ ഉപകരണങ്ങളും സ്റ്റോർസ് പർച്ചേസ് മാന്വൽ പ്രകാരമുള്ള മറ്റു വാങ്ങൽ രീതികളിലൂടെ വാങ്ങുന്നത് പൂർണ്ണ മായും ഇല്ലാതായിട്ടുണ്ട്. സ്റ്റോർസ് പർച്ചേസ് വകു പ്പിന് ഈ വാങ്ങൽ രീതിയിൽ നിയന്ത്രണാധി കാരവും നൽകിയിട്ടില്ല.

### റീഏജന്റ് റെന്റൽ കോൺട്രാക്റ്റും (ആർ.ആർ.സി) സ്റ്റോർസ് പർച്ചേസ് മാന്വലും

സ.ഉ(പി)നം.01/2019/എസ്.പി.ഡി തിയതി 2-1-2019 പ്രകാരം സ്റ്റോർസ് പർച്ചേസ് മാന്വലിൽ പുതിയ ഖണ്ഡിക 7.51 കൂട്ടിച്ചേർത്ത് **റീഏജന്റ് റെന്റൽ കോൺട്രാക്റ്റ്** എന്ന വ്യത്യസ്ത വാങ്ങൽ രീതി ഉൾപ്പെടുത്തിയിട്ടുണ്ട്.

ആശുപത്രികളിലെ രോഗനിർണ്ണയ ത്തിനും ലബോറട്ടറി പരിശോധനയ്ക്കും ആവ ശ്യമായ ഉപകരണങ്ങൾ വിതരണക്കാരിൽ നിന്നും വാങ്ങുന്ന രീതിയാണ് തുടർന്നു വന്നിരുന്നത്. എന്നാൽ ആർ.ആർ.സി പ്രകാരമുള്ള വാങ്ങലിൽ ഉപകരണം വിതരണക്കാരന്റെ ഉടമസ്ഥതയിൽ ആയിരിക്കുന്നതാണ്. ലാബുകളിലും ആശുപത്രി കളിലും നടത്തുന്ന ഓരോ പരിശോധനയ്ക്കും നിരക്ക് നിശ്ചയിക്കുന്ന വിധത്തിൽ ടെണ്ടറുകൾ ക്ഷണിക്കേണ്ടതാണ്. നടത്തിയ പരിശോധനക ളുടെ എണ്ണം കണക്കാക്കി നിശ്ചിത നിരക്കിൽ ലാബ്/ആശുപത്രി തുക നൽകിയാൽ മതിയാകു ന്നതാണ്. സർക്കാരിന്റെ ആദ്യഘട്ടത്തിലെ നിക്ഷേപം കുറയ്ക്കുന്നു എന്നത് ഈ രീതിയുടെ നേട്ടമാണ്.

### സംസ്ഥാനത്തെ റേറ്റ് കോൺട്രാക്റ്റ് സമ്പ്രദായം

സംസ്ഥാനത്തെ റേറ്റ് കോൺട്രാക്റ്റ് സമ്പ്രദായം നിർത്തലാക്കുവാൻ സ.ഉ(പി)നം.6/ 2019/ എസ്.പി.ഡി തിയതി 10-04-2019 പ്രകാരം തീരുമാനിച്ചിട്ടുണ്ട്. സംസ്ഥാനത്ത് സാധാരണ യായി ഉപയോഗിക്കുന്ന സാധനങ്ങളും സേവന ങ്ങളും സമാഹരിക്കുന്നതിനുള്ള വാങ്ങൽ രീതി യായി GeM നെ സംസ്ഥാന സർക്കാർ അംഗീക രിച്ചിട്ടുള്ളതിനാൽ നിശ്ചിത നിരക്കിൽ സ്റ്റോറു കൾ വിതരണം ചെയ്യുന്നതിനുള്ള റേറ്റ് കോൺട്രാക്റ്റ് രീതി നിർത്തലാക്കുവാൻ തീരുമാ നിച്ചുവെങ്കിലും നാളിതുവരെ സ്റ്റോർസ് പർച്ചേസ് മാന്വലിൽ ആവശ്യമായ ഭേദഗതി വരുത്തിയിട്ടി ല്ല. ആയതിനാൽ ഇപ്പോഴും വിവിധ സ്ഥാപന ങ്ങൾക്ക് റേറ്റ് കോൺട്രാക്റ്റ് നൽകി വരുന്നുണ്ട്. റേറ്റ് കോൺട്രാക്റ്റ് സമ്പ്രദായം നിർത്തലാക്കു വാനുള്ള നിബന്ധന സ്റ്റോർസ് പർച്ചേസ് മാന്വ ലിൽ ഉൾപ്പെടുത്തുന്നതോടെ ഈ രീതിയിലുള്ള വാങ്ങലും ഇല്ലാതാകുന്നതാണ്.

### സ്റ്റോർസ് പർച്ചേസ് വകുപ്പിന്റെ പ്രസ്ക്തി

കേരളത്തിലെ സർക്കാർ മേഖലയിലെ വാങ്ങൽ നടപടികളിൽ സമഗ്രമായ മാറ്റങ്ങൾ ഉണ്ടായിട്ടുള്ള സാഹചര്യത്തിൽ സ്റ്റോർസ് പർച്ചേസ് മാന്വലിലെ മറ്റ് വാങ്ങൽ രീതികൾ പ്രകാരമുള്ള വാങ്ങലുകൾ പരിമിതപ്പെട്ടതായി വിലയിരുത്താവുന്നതാണ്. GeM നിർബന്ധ മാക്കിയ സാഹചര്യത്തിൽ ജനറൽ ഫിനാൻഷ്യൽ റൂളിൽ ഉണ്ടാകുന്ന മാറ്റങ്ങൾക്കനുസരിച്ച് സ്റ്റോർസ് പർച്ചേസ് മാന്വലിലും ആയതനുസരി ച്ചുള്ള മാറ്റങ്ങൾ വരുത്തേണ്ടത് അനിവാര്യമാണ്. കൂടാതെ മാന്വിൽ പ്രകാരമുള്ള മറ്റ് വാങ്ങൽ രീതി കളിലെ മാനദണ്ഡങ്ങളിലും കാലാനുസൃതമായ ഭേദഗതികളും ഉണ്ടാകേണ്ടതുണ്ട്.

GeM, CPRCS എന്നീ മാർഗ്ഗങ്ങളിലൂടെ യുള്ള വാങ്ങലിൽ സർക്കാർ ഉപയോക്താക്കൾ നേരിടുന്ന പ്രായോഗിക പ്രശ്നങ്ങൾ കൂടി വില യിരുത്തി പരിഹാരനടപടികൾ സ്വീകരിക്കുവാൻ സർക്കാർ ഇടപെടൽ ഉണ്ടാകേണ്ടതും അനിവാ ര്യമാണ്. സമയബന്ധിതമായി സാധനങ്ങൾ ലഭ്യ മാക്കുന്നുണ്ടെന്ന് സർക്കാർ തലത്തിൽ ഉറപ്പാക്കി യാൽ നൂതന മാർഗ്ഗങ്ങളിലൂടെയുള്ള വാങ്ങൽ കൂടുതൽ ഫലപ്രദമാകുമെന്ന് കരുതാവുന്നതാ ണ്. ഇക്കാര്യങ്ങളിലൊക്കെ സ്റ്റോർസ് പർച്ചേസ് വകുപ്പിന്റെ കാലാകാലങ്ങളിലുള്ള മാർഗ്ഗനിർദ്ദേ ശങ്ങൾ ഉപയോക്താക്കൾക്ക് സഹായകരമാകും എന്നും വിലയിരുത്തുന്നു. ●

കെ.എസ്.എസ്.എസ്.ആർ.

# കൺഫർമേഷൻ

മനോജ്കുമാർ റ്റി. ജോർജ്

'കൺഫർമേഷൻ' എന്ന പദം കെ.എസ്.എസ്.ആറിലോ കെ.എസ്.ആറിലോ ഉപയോഗിച്ചിട്ടില്ല. സമാനമായ അർത്ഥത്തിൽ സ്ഥിരനിയമനം അഥവാ Substantive Appointment എന്ന വാക്കാണ് ഉപയോഗിച്ചിട്ടുള്ളത്. ഒരു കേഡറിൽ ഉൾപ്പെടുത്തപ്പെട്ട സ്ഥിരം തസ്തികയിലേക്ക് ഒരാൾ നിയമിക്കപ്പെടുമ്പോഴാണ് അയാൾ അതിലെ പൂർമ്ണ അംഗമായി മാറുന്നത് (കെ.എസ്.എസ്.ആർ പാർട്ട് 1, ചട്ടം 2(7) കാണുക). ഇതാണ് കർഫർമേഷൻ എന്നതുകൊണ്ട് അർത്ഥമാക്കുന്നത്. ഇപ്രകാരം നിയമിക്കപ്പെടുമ്പോൾ ആ വ്യക്തിക്ക് ആ തസ്തികയിൽ ലാവണം (Lien) ലഭിക്കുന്നു. ലാവണത്തിന്റെ നിർവചനം കെ.എസ്.ആർ. പാർട്ട് 1, ചട്ടം 12(18) നൽകുന്നുണ്ട്.

ലാവണം (Lien)

ഒരു സ്ഥിരം തസ്തികയിൽ സ്ഥിരമായി നിയമിക്കപ്പെട്ട ഒരു ജീവനക്കാരന് അസാന്നിദ്ധ്യത്തിനുശേഷം ആ സ്ഥാനം വഹിക്കുന്നതിനുള്ള അവകാശത്തെയാണ് ലാവണം എന്നു വിളിക്കുന്നത്.

**കൺഫർമേഷൻ അനുവദിക്കുന്നതിനുള്ള വ്യവസ്ഥകൾ**

1) നിരീക്ഷണകാലം വിജയകരമായി പൂർത്തിയായിരിക്കണം. മറ്റൊരു വിധത്തിൽ പറഞ്ഞാൽ അംഗീകൃത നിരീക്ഷണാർത്ഥിക്ക് (Approved Prabationer) മാത്രമേ കൺഫർമേഷൻ ലഭിക്കാൻ അർഹതയുള്ളൂ. നിരീക്ഷണകാലം വിജയകരമായി പൂർത്തിയാക്കി സ്ഥിരനിയമന(കൺഫർമേഷൻ)ത്തിന് കാത്തിരിക്കുന്ന ആളെയാണ് അപ്രൂവ്ഡ് പ്രൊബേഷണർ എന്നു വിളിക്കുന്നത്.
2) ഒരു സ്ഥിരം കേഡറിൽ സ്ഥിരം ഒഴിവ് ലഭ്യമായിരിക്കണം.

**കൺഫർമേഷൻ നൽകുന്ന വിധം**

നിയമനാധികാരി ഓരോ വിഭാഗത്തിനു വേണ്ടിയും പ്രത്യേകം സീനിയോറിറ്റി ലിസ്റ്റുകൾ സൂക്ഷിക്കുകയും ഓരോ ജീവനക്കാരനും ഉയർന്ന തസ്തികകളിൽ കൺഫർമേഷൻ ലഭിക്കുന്ന മുറയ്ക്ക് അയാൾക്ക് ലീൻ നഷ്ടമായ തൊട്ടുതാഴെയുള്ള തസ്തികയിൽ സീനിയോറിറ്റിയിൽ തൊട്ടുതാഴെയുള്ള അംഗീകൃത നിരീക്ഷണാർത്ഥിക്ക് കൺഫർമേഷൻ അനുവദിക്കുകയും ചെയ്യുന്നു. സീനിയോറിറ്റി ലിസ്റ്റിൽ ഏതെങ്കിലും അംഗത്തിന്റെ ടേൺ വരുമ്പോൾ പ്രസ്തുത ജീവനക്കാരൻ പ്രൊബേഷൻ പൂർത്തിയാക്കിയിട്ടില്ലെങ്കിൽ അയാളെ മറികടന്നുകൊണ്ട് തൊട്ടുതാഴെയുള്ള ആൾക്ക് പൂർണ്ണാംഗത്വം ലഭിക്കുന്നു. ഇത് വളരെ ശ്രദ്ധയോടെ നിർവ്വഹിക്കപ്പെടേണ്ട ജോലിയാണ്. ഓരോ വിഭാഗത്തിലും ഉള്ള സ്ഥലം തസ്തികകളേക്കാൾ കൂടുതൽ പേർക്ക് സ്ഥിരാംഗത്വം ലഭിക്കുന്ന സാഹചര്യം ഉണ്ടാവാൻ പാടില്ല.

**കൺഫർമേഷൻ ലഭിച്ച ജീവനക്കാരുടെ പ്രത്യേക അവകാശങ്ങൾ**

പൂർണ്ണ അംഗത്വം ലഭിച്ച ഒരു ജീവനക്കാരന് താഴെ ചേർക്കുന്ന പ്രകാരമുള്ള അവകാശങ്ങൾ സിദ്ധിക്കുമെന്ന് ചട്ടങ്ങൾ വിശദമാക്കുന്നു.

1) കെ.എസ്.ആർ. പാർട്ട് 1 ചട്ടം 21 അനുസഹിച്ച് സർക്കാരിന് ഏതൊരു ജീവനക്കാരനെയും ഏതൊക്കെ തസ്തികയിലേക്കും സ്ഥലം മാറ്റാവുന്നതാണ്. എന്നാൽ സ്ഥിരാംഗമായ ഒരു ജീവനക്കാരനെ അയാൾക്ക് ലാവണമുള്ള തസ്തികയേക്കാൾ കുറഞ്ഞ ശമ്പളമുള്ള തസ്തികയിലേക്ക് സ്ഥലംമാറ്റാനാവില്ല.
2) കെ.എസ്.ആർ. പാർട്ട് III ചട്ടം 33 അനുസരിച്ച് ഒരു സ്ഥിരം തസ്തിക നിർത്തലാക്കപ്പെടുമ്പോൾ ആ തസ്തികയിൽ ജോലി ചെയ്തിരുന്ന ജീവനക്കാരന് മറ്റൊരു തസ്തികയിൽ നിയമനം ലഭിക്കാത്തപക്ഷം രണ്ട് സാധ്യതകൾ അയാൾക്ക് ലഭ്യമാകും. ഒന്നുകിൽ താൻ ജോലിചെയ്ത സേവനകാലയളവിനെ അടിസ്ഥാനമാക്കി കോമ്പൻസേഷൻ പെൻഷനോ (Compensation Pension), കോമ്പൻസേഷൻ ഗ്രാറ്റുവിറ്റിയോ സ്വീകരിക്കുക. അതല്ലെങ്കിൽ തന്റെ മുൻകാല സേവനകാലം പെൻഷൻ ആനുകൂല്യങ്ങൾക്ക് കണക്കാക്കുന്ന വിധത്തിൽ മറ്റൊരു നിയമനം (താഴ്ന്ന ശമ്പളത്തി

ലാണെങ്കിലും) സ്വീകരിക്കുക.

**പകരമായുള്ള കൃത്യനിർവഹണം (Officiating)**

ഒരു തസ്തികയിൽ ലാവണമുള്ള ഒരാളുടെ താൽക്കാലിക അഭാവത്തിൽ അയാൾക്കു പകരമായി ഒരാളെ നിയമിക്കാം. അത്തരം സന്ദർഭത്തിൽ നിയമിക്കപ്പെട്ട ആൾ പകരം കൃത്യനിർവഹണം അഥവാ officiating ആയി ജോലി ചെയ്യുകയാണെന്ന് പറയുന്നു. (കെ.എസ്.ആർ. പാർട്ട് I ചട്ടം 12(22). ഉദാഹരണമായി കൺഫർമേഷൻ ലഭിച്ച ഒരു സീനിയർ ഗ്രേഡ് ഓഡിറ്റർക്ക് അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസറായി സ്ഥാനക്കയറ്റം ലഭിക്കുന്ന എന്നു കരുതുക. അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ തസ്തികയിൽ കൺഫർമേഷൻ ലഭിക്കുന്നതുവരെ ഇദ്ദേഹത്തിന് സീനിയർ ഗ്രേഡ് തസ്തികയിലുള്ള ലീൻ നിലനിൽക്കും. ആയതുകൊണ്ട് മേൽ സൂചിപ്പിച്ചതു പ്രകാരം ഉണ്ടായ സീനിയർ ഗ്രേഡ് തസ്തികയിലെ ഒഴിവിൽ വേറൊരാൾക്ക് സ്ഥിരനിയമനം നൽകാൻ കഴിയില്ല. ഈ സാഹചര്യത്തിൽ ഓഡിറ്റർ തസ്തികയിലുള്ള ഒരാളെ പകരക്കാരൻ (officiating) എന്ന നിലയിൽ സീനിയർ ഗ്രേഡ് ഓഡിറ്റർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകി നിയമിക്കുന്നു. ആദ്യം പറഞ്ഞയാൾ അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ തസ്തികയിൽ പകരക്കാരനും (officiating) സീനിയർ ഗ്രേഡ് ഓഡിറ്റർ തസ്തികയിൽ പൂർണ്ണാംഗവും (substantive) ആയിരിക്കും. ഈ ജീവനക്കാരന് അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ തസ്തികയിൽ കൺഫർമേഷൻ ലഭിക്കുമ്പോൾ സീനിയർ ഗ്രേഡ് ഓഡിറ്റർ തസ്തികയിൽ അയാൾക്കുള്ള ലാവണം നഷ്ടപ്പെടുകയും പ്രസ്തുത തസ്തികയിലേക്ക് സീനിയോറിറ്റി ലിസ്റ്റിലെ അടുത്തയാൾക്ക് കൺഫർമേഷൻ നൽകുകയും ചെയ്യുന്നു. സ്ഥിരാംഗങ്ങൾക്ക് മാത്രമേ ലാവണം ഉണ്ടായിരിക്കുകയുള്ളൂ. പകരം കൃത്യനിർവഹണത്തിൽ ആയ ഒരാൾക്ക് ആ തസ്തികയിൽ ലീൻ ഉണ്ടായിരിക്കില്ല.

എന്നാൽ സ്ഥിരാംഗം ആയിട്ടില്ലാത്ത ഒരു ജീവനക്കാരൻ വേറൊരു വകുപ്പിൽ ജോലി ലഭിച്ച് പോയതിനുശേഷം മാതൃവകുപ്പിലേക്ക് തിരികെ വരാവുന്നതാണ്. ജനറൽ റൂൾസ് (കെ.എസ്.എസ്.ആർ) ചട്ടം 8 പ്രകാരമാണ് ഇത്തരക്കാർക്ക് ലീൻ ലഭിക്കന്നത്. ഒരു സർവീസിലെ ഒരംഗം വിവിധ കാരണങ്ങളാൽ (ചട്ടത്തിൽ പരാമർഎശിക്കപ്പെട്ട പ്രകാരം) പ്രസ്തുത സർവ്വീസിൽനിന്ന് വിട്ടുനിന്നാലും അയാൾക്ക് പ്രസ്തുത തസ്തികയിലേക്ക് തിരിച്ചുവരാനുള്ള അവകാശം ഉള്ളതിനെക്കുറിച്ചാണ് ഈ ചട്ടം പ്രതിപാദിക്കുന്നത്. സർക്കാരോ, മറ്റ് അധികാരപ്പെട്ട സ്ഥാപനങ്ങളോ ക്ഷണിച്ച അപേക്ഷയുടെ അടിസ്ഥാനത്തിലായിരിക്കണം ഇത്തരത്തിലുള്ള നിയമനം. കേരള പബ്ലിക് സർവീസ് കമ്മീഷൻ പുറപ്പെടുവിച്ച വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ നിയമനം ലഭിച്ചവർക്ക് ഇപ്രകാരം ലീൻ ലഭ്യമാകുന്നു. എന്നാൽ പുതിയ ഡിപ്പാർട്ട്മെന്റിൽ ഈ ജീവനക്കാരന് സ്ഥിരാംഗത്വം ലഭിച്ചിട്ടുണ്ടെങ്കിൽ മാതൃവകുപ്പിലേക്ക് തിരിച്ചുപോകാൻ കഴിയില്ല. എന്നാൽ ഇൻഎറ് ഡിപ്പാർട്ട്മെന്റ് ട്രാൻസ്ഫറിന്റെ കാര്യത്തിൽ ഇതല്ല അവസ്ഥ. സർക്കാരോ, മറ്റ് അധികാരികളോ അപേക്ഷ ക്ഷണിച്ചതിന്റെ അടിസ്ഥാനത്തിലല്ല ജീവനക്കാരൻ സ്വമേധയാ നൽകുന്ന അപേക്ഷയുടെ അടിസ്ഥാനത്തിലാണ് നിയമനം ലഭിക്കുന്നത്. അത്തരക്കാർക്ക് ഈ വ്യവസ്ഥ ബാധകമാവുകയില്ല.

ഒഫിഷ്യേറ്റിംഗ് ആയി സേവനമനുഷ്ഠിച്ചവർ മറ്റു ജോലികളിലേക്ക് വിടുതൽ വാങ്ങി പോയതിനുശശേഷം തിരിച്ചുവനരുന്നത് ഒരുപാട് നിയമവ്യവഹാരങ്ങൾക്ക് നിഷയീഭവിച്ചിരുന്നു. 15-07-2004-ലെ 768/Rt/2004 P& ARD സർക്കുലർ അനുസരിച്ച്, ചട്ടം 8 പ്രകാരം മറ്റു വകുപ്പുകളിലേക്ക് പോയവർക്ക് പുതിയ വകുപ്പിൽ കൺഫർമേഷൻ ലഭിച്ചിട്ടില്ലെങ്കിൽ മാതൃവകുപ്പിലേക്ക് തിരിച്ചുവരാമെന്നും എന്നാൽ ഇപ്രകാരം നിയമനം നൽകുമ്പോൾ നിലവിൽ ജോലി ജോലി ചെയ്യുന്ന വകുപ്പിൽ പ്രസ്തുത ജീവനക്കാരന് കൺഫർമേഷൻ ലഭിക്കാൻ സാധ്യതയുണ്ടോയെന്ന് പരിശോധിക്കണമെന്നും അപ്രകാരം ലഭിക്കാൻ യോഗ്യതയുള്ളവർക്ക് യോഗ്യമായ തീയതിയിൽ തന്നെം സ്ഥിരീകരണം നൽകണമെന്നും അത്തരക്കാരെ മാതൃഡിപ്പാർട്ട്മെൻരിൽ പുനർനിയമനത്തിന് പരിഗണിക്കേണ്ടതില്ലെന്നും വിശദമാക്കി. പല വകുപ്പുകളും ജീവനക്കാർക്ക് യഥാസമയം സ്ഥിരാംഗത്വം നൽകുന്നതിൽ വേണ്ടത്ര ശ്രദ്ധ ചെലുത്തുന്നില്ല എന്ന കാര്യവും ഈ സർക്കുലറിൽ ചൂണ്ടിക്കാട്ടുന്നുണ്ട്.

ഒരു സർക്കാർ ജീവനക്കാരന്റെ സേവനചരിത്രത്തിൽ പ്രാധാന്യത്തോടെ അടയാളപ്പെടുത്തേണ്ടതാണ് കൺഫർമേഷൻ എന്നത് നിസ്തർക്കമാണ്.

വിരമിച്ചവർ എന്തുചെയ്യുന്നു

# പുതുരാശിയെഴുതിയ വിരമിക്കൽ ജീവിതം

**വിഷ്ണുപ്രിയ കെ.**



ഔദ്യോഗിക ജീവിതത്തിൽ നിന്നും വിരമിച്ച ശേഷം തങ്ങളുടെ ഇഷ്ടമേഖലകളിൽ വീണ്ടും സജീവമായിരിക്കുന്ന ധാരാളം വ്യക്തികൾ നമുക്കിടയിലുണ്ട്. അത്തരത്തിലൊരു വ്യക്തിത്വമാണ് നമ്മുടെ വകുപ്പിൽ നിന്നും സീനിയർ ഡെപ്യൂട്ടി ഡയറക്ടറായി വിരമിച്ച രവീന്ദ്രൻ. അദ്ദേഹം തന്റെ ഔദ്യോഗിക ജീവിതത്തെകുറിച്ച് പറഞ്ഞുതുടങ്ങിയത് ഇങ്ങനെയാണ്;

'പത്രം, പുഷ്പം, ഫലം, തോയം
യോ മേ ഭക്ത്യാ പ്രയച്ഛതി
തദഹം ഭക്ത്യം പഹൃത
മശ്നാമി പ്രയതാത്മക' (ഭഗവത്ഗീത)

ഇല, പുഷ്പം, ഫലം, ജലം എന്തെങ്കിലും എനിക്കായി നിവേദിക്കുന്ന ഭക്തന്റെ വഴിപാടിനെ ഞാൻ കൈക്കൊള്ളുന്നു. എന്നാൽ സാധാരണ മനുഷ്യനെ സംബന്ധിച്ചിടത്തോളം ഏറ്റവും വലിയ സമർപ്പണം അവന്റെ കർമ്മമാണ്; 'Work is worship'. ഒരു വ്യക്തിയെന്ന നിലയിലും ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ എന്ന നിലയിലും അദ്ദേഹം എന്തായിരുന്നു എന്ന് ഈ വാക്കുകൾ വ്യക്തമാക്കുന്നു. വിരമിച്ചശേഷം നേരത്തെതന്നെ താൽപര്യമുണ്ടായിരുന്ന ജ്യോതിഷപഠനം സജീവമാക്കി. ആലപ്പുഴ സ്വദേശിയായ അദ്ദേഹം ഇപ്പോൾ ജ്യോതിഷത്തിന്റേയും വാസ്തുവിദ്യയുടേയും കൺസൾട്ടന്റ് ആയി പ്രവർത്തിക്കുന്നു.

രവീന്ദ്രന്റെ ഔദ്യോഗിക ജീവിതത്തിലുണ്ടായ മറക്കാനാകാത്ത അനുഭവങ്ങളും, പുതിയ തലമുറയോട് അദ്ദേഹത്തിന് പറയാനുള്ളത് എന്താണെന്നും ചോദിച്ചപ്പോൾ എല്ലാം വിശദമായിത്തന്നെ അദ്ദേഹം പറഞ്ഞു. 1975 ഒക്ടോബർ 20-ന് താൻ പാലക്കാട് ജില്ലാ ലോക്കൽഫണ്ട് ഓഡിറ്റിൽ ജോലിയിൽ പ്രവേശിച്ച ദിവസം ഒരു പൗർണ്ണമിനാൾ ആയിരുന്നു എന്ന് ഒരു ചാന്ദ്രശോഭയോടെ അദ്ദേഹം ഇന്നും ഓർക്കുന്നു. ഇൻസ്പെക്ടർ ആയ കെ.വി. സഹസ്രനാമം ആയിരുന്നു ജില്ലാ ഓഫീസ് മേധാവി. ഏകദേശം 350 ജീവനക്കാർ മാത്രമെ അന്നു നമ്മുടെ വകുപ്പിൽ ഉണ്ടായിരുന്നുള്ളു. ജില്ലാ ഓഫീസറുടെ പദവി ഡെപ്യൂട്ടി എക്സാമിനർ എന്ന് മാറ്റിയത് 01-07-1978-ലെ ശമ്പള പരിഷ്കരണത്തിലായിരുന്നു എന്നും അദ്ദേഹം ഓർമ്മിപ്പിച്ചു. രവീന്ദ്രൻ സാറിന്റെ തന്നെ വാക്കുകളിൽ പറയുകയാണെങ്കിൽ കാഴ്ചയിലും, പെരുമാറ്റത്തിലും ബൃഹസ്പതിയായ സഹസ്രനാമം പഞ്ചായത്ത് മാന്വലിൽ മാർക്ക് ചെയ്തു നൽകിയ ക്വിൻക്വിനിയൽ റിവിഷൻ, ക്വിഡ് പ്രോകോ (Quinquinnial Revision, Quid Pro Que) തുടങ്ങിയ വാക്കുകൾ വായിച്ച് തെല്ലു പരിഭ്രമത്തോടെ തന്റെ ഓഡിറ്റ് ജീവിതം ആരംഭിച്ചു. പിന്നീട് സഹസ്രനാമത്തിനോടൊപ്പമുള്ള ഓഡിറ്റ് ക്യാമ്പിൽ, ഏൽപ്പിച്ചു നൽകിയ ജോലികളൊക്കെ കൃത്യമായി ചെയ്യാൻ കഴിഞ്ഞതും അദ്ദേഹം തന്നിൽ അർപ്പിച്ച വിശ്വാസം കൂടുതൽ ഉത്തരവാദിത്തങ്ങൾ ഏറ്റെടുക്കാൻ പ്രേരണയായതും അദ്ദേഹം ഓർമിച്ചു. 21 പ്രാവശ്യമായി ആലപ്പുഴ മുതൽ കണ്ണൂർവരെയുള്ള 11 ഓഫീസുകളിലായി ചെലവഴിച്ച സേവനകാലം ധന്യമായിരുന്നുവെന്ന് അദ്ദേഹം സ്മരിക്കുന്നു.

തന്റെ 32 വർഷത്തെ ഔദ്യോഗിക ജീവിതത്തിനിടയിൽ ഓർമ്മയിൽ എന്നും സൂക്ഷിക്കുന്ന ഒരു സംഭവം വേദനയോടെ അദ്ദേഹം പങ്കുവച്ചു. അദ്ദേഹത്തിന്റെ വാക്കുകളിൽത്തന്നെ അതിവിടെ കുറിക്കുന്നു: ''1981 ജൂലായ് 17 കർക്കിടക മാസത്തിലെ ഒരു വെള്ളിയാഴ്ച ആർട്ടിസ്റ്റ് കൂടിയായ എന്റെ സുഹൃത്ത് രണ്ടു ദിവസം എന്നോടൊപ്പം

താമസിച്ചിട്ട് തിരികെപോയ ദിവസം വഴിമധ്യേ ഹൃദയാഘാതംമൂലം മരിച്ചു. പോലീസ് പരിശോധനയിൽ എന്റെ മേൽവിലാസം എഴുതിയ ഒരു കവർ ലഭിക്കുകയും മരിച്ച വ്യക്തി ഞാനാണെന്ന് നമ്മുടെ വകുപ്പിൽ അന്വേഷിച്ച് തീർച്ചപ്പെടുത്തുകയും ചെയ്തു. വിവരം വീട്ടിലുൾപ്പെടെ എല്ലായിടത്തും അറിയിച്ചു, ഞാൻ ഓഡിറ്റിനുപോയ ഓഫീസിൽ ഒഴികെ. അന്ന് ഇന്നത്തെപ്പോലെ ഫോൺ സൗകര്യങ്ങളില്ല. വളരെ വൈകി വിവരമറിഞ്ഞ് രാത്രിയിൽ എപ്പോഴോ വീട്ടിലെത്തിയപ്പോൾ മരണവീട്ടിലെ അവസ്ഥ. ഇന്ന് അത് ഓർക്കാൻപോലും വിഷമം. പത്രവാർത്ത വായിച്ച് വീട്ടിൽ വന്നവരെയും റീത്തുമായി എത്തിയവരെയും അഭിമുഖീകരിക്കുക, ഇതിനപ്പുറം എന്ത് അനുഭവം ആർക്കുണ്ട്?

കുറച്ചുദിവസത്തെ അവധി കഴിഞ്ഞ് ഓഫീസിലെത്തിയപ്പോൾ എന്റെ മരണവാർത്ത പല സ്ഥലങ്ങളിൽ വിളിച്ചറിയിച്ച ഫോൺചാർജ് നൽകണമെന്ന് എന്നോട് ആവശ്യപ്പെട്ടു. നിയമത്തിന്റെ സൂക്ഷ്മതലങ്ങൾ പരിശോധിച്ചപ്പോൾ ഒരു കാര്യം മനസ്സിലായി; 'The calls would have been official, had he been died. Unfortunately, he has not been died'!! 'Unfortunately' എന്ന വാക്ക് കാണുമ്പോൾ തനിക്കിപ്പോഴും ഭയമാണ്", അദ്ദേഹം വെളിപ്പെടുത്തി.

ഇന്നത്തെ തലമുറയോട് എന്താണ് പറയാനുള്ളത് എന്നു ചോദിച്ചപ്പോൾ തലമുറ വ്യത്യാസം എന്നൊന്ന് ഇല്ല എന്നും സർവ്വീസ് ആരംഭിക്കുന്നത് എന്നും പുതിയ തലമുറയിലാണെന്നും, വ്യക്തികൾ മാറിവരും എന്നൊതൊഴിച്ചാൽ ഇതൊരു പ്രവാഹമാണെന്നുമാണ് അദ്ദേഹം പറഞ്ഞത്. ഔദ്യോഗിക ജീവിതം ശ്രേഷ്ഠമാകുന്നത് അവസരങ്ങളിലൂടെയാണ്. ഒരു ന്യായാധിപൻ പ്രശസ്തനാകുന്നത് പ്രമാദമായ കേസുകൾ പഠിച്ച് കൃത്യമായ വിധി പ്രഖ്യാപിക്കുമ്പോഴും അത് സമൂഹം ചർച്ച ചെയ്യുമ്പോഴുമാണ്. ഓഡിറ്ററും അങ്ങനെതന്നെയാണ്. തന്നെ ഏൽപ്പിച്ചു നൽകിയ ചുമതലകൾ സന്തോഷപൂർവ്വം നിർവ്വഹിച്ച് വിധിപ്രസ്താവങ്ങൾ അതതു റിപ്പോർട്ടുകളിൽ യുക്തിസഹമായി കോറിയിട്ടതിന്റെ ചാരിതാർത്ഥ്യവും അദ്ദേഹം പങ്കുവച്ചു. തങ്ങൾ തെളിച്ചു നൽകിയ വഴിയിലൂടെ നമ്മുടെ വകുപ്പിനെ കൂടുതൽ ശ്രേയസ്സ്ക്കരമാക്കാൻ കഴിവുള്ള അനേകം സൽപുത്രൻമാർ ഇന്നും ഇവിടെയുണ്ടന്നും ഒരു ഗംഗപ്രവാഹംപോലെ അതു തുടരണമെന്നും അദ്ദേഹം പറഞ്ഞു.

31.05.2007-ന് സർവീസിൽനിന്നും വിരമിച്ചു. സഹധർമ്മിണി രാധാകുമാരി പോസ്റ്റ്മിസ്ട്രസ്സ് ആയിരുന്നു. രവീന്ദ്രൻ വിരമിച്ചപ്പോൾ ഭാര്യയും സ്വയംവിരമിക്കൽ നടത്തി. മകൾ കെ.ആർ. ആര്യ കോയമ്പത്തൂർ ആര്യവൈദ്യ ശാലയിലെ ഡോക്ടറാണ്. ഇപ്പോൾ അങ്കമാലി യിൽ ജോലിചെയ്യുന്നു. മകൻ കെ.ആർ. അരവിന്ദ് എം.എ. ഇംഗ്ലീഷ് കഴിഞ്ഞ് ഇപ്പോൾ ബി.എഡ് ചെയ്യുന്നു. മകളുടെ ഭർത്താവ് സുജിത്ത് കളമശ്ശേരി മെഡിക്കൽ കോളേജിലെ ഇലക്ട്രിക്കൽ വിഭാഗം അസ്സിസ്റ്റന്റ് എഞ്ചിനിയർ ആണ്. അഞ്ചു വയസ്സുകാരനായ ഋഷികേശ് ചെറുമകനാണ്.

വിരമിച്ചശേഷം എന്തുചെയ്യുന്നു എന്ന ചോദ്യത്തിന് 'വിരമിക്കൽ എന്നെ അലട്ടിയിട്ടില്ല' എന്നായിരുന്നു മറുപടി. കുറച്ചുകാലം നമ്മുടെ ട്രെയിനിംഗ് സെന്ററിൽ ക്ലാസ്സെടുത്തു. പണ്ടേ ഉണ്ടായിരുന്ന വായനയും ജ്യോതിഷപഠനവും കൂടുതൽ സജീവമാക്കി. വർഷത്തിൽ ഒന്നോ രണ്ടോ യാത്രകൾ, ഒപ്പം കൂടാൻ കുറെ സുഹൃത്തുക്കളും. ഏറ്റവും ഒടുവിൽ നേപ്പാൾ യാത്രയായിരുന്നു. ശരിക്കും അങ്ങനെതന്നെയല്ലേ വേണ്ടത്? വിരമിക്കൽ ഒരിക്കലും ഒരു കർമ്മമണ്ഡലത്തിന്റെ അവസാനിപ്പിക്കലല്ല: മറിച്ച് ഓരോരുത്തർക്കും അവനവന് ഇഷ്ടപ്പെട്ട പുതിയ മേഖലകളുടെ കണ്ടെത്തലും അവിടേയ്ക്കുള്ള തുടർയാത്രയുമാകണം. ഒരു വയസ്സു കൂടുക എന്ന വർഷത്തിൽ ഒരിക്കൽ മാത്രം സംഭവിക്കുന്ന പ്രക്രിയയെ ഓർത്തു വ്യാകുലപ്പെടാതെ, ചിന്തിച്ചും ചിരിച്ചും മുന്നോട്ടു പോകുക. നമ്മൾ ചിരിക്കുന്നതു കണ്ട് മറ്റുള്ളവരും ചിരിക്കട്ടെ. ഈ കോവിഡ് കാലം, ലോകത്തെ വീടുകളിലും മുറികളിലുമായി ഒതുക്കുന്നുവെങ്കിലും പ്രത്യാശയുടെ വെള്ളിവെളിച്ചം കാണാൻ ജനലഴികളിലൂടെ നമുക്കു പുറത്തേക്കു നോക്കാം. ഡോ. എ.പി.ജെ. അബ്ദുൾകലാമിന്റെ ഡയറിക്കുറിപ്പിലെ വരികളോടെ അദ്ദേഹം തന്റെ അനുഭവം പങ്കുവെയ്ക്കൽ ഇങ്ങനെ ഉപസംഹരിച്ചു;

'നിങ്ങളുടെ കാൽപ്പാടുകൾ
കാലമാകുന്ന മണൽ പരപ്പിൽ
അവശേഷിപ്പിക്കണമെന്നുണ്ടെങ്കിൽ
നിങ്ങളുടെ കാൽ വലിച്ചിഴയ്ക്കാതിരിക്കുക'

ഈ കോവിഡ് കാലവും കടന്നുപോകും. വിഷുവും വർഷവും തിരുവോണവും ഇനിയും വരും, കൊന്നയും തുമ്പയും ഇനിയും പൂത്തു വിടരും, വിഷുപക്ഷികൾ സ്വാഗതഗീതം പാടും, പ്രതീക്ഷയുടെ പുതുസൂര്യൻ ഉദിച്ചുയരും; ഉറച്ച കാൽവെപ്പുകളോടെ മുന്നേറാൻ!

*അറിഞ്ഞ ചരിത്രങ്ങളേക്കാൾ രസകരമോ, ഭീകരമോ, കൗതുകകരമോ ആണ് അറിയാതെപോയ ചരിത്രങ്ങൾ. ചരിത്രത്തിന്റെ നാൾവഴിയിൽനിന്നും പുറത്തെറിയപ്പെട്ട അത്തരം ചില ചരിത്രവസ്തുതകൾ അനാവരണം ചെയ്യുന്ന ഒരു പംക്തി 'അറിയാതെപോയ ചരിത്രം' തുടങ്ങുകയാണ് ചരിത്രാന്വേഷകനും ഓഡിറ്റ് അസോസിയേഷൻ കണ്ണൂർ ജില്ലാസെക്രട്ടറിയുമായ* ***ആൽബർട്ട് ജോസ്.***

*ചരിത്രഗാഥകളിൽ തോറ്റവനിടമില്ല ...! അപദാനങ്ങളുടെ പുകഴ്ത്തുപാട്ടുമില്ല. നാടിന് പുരോഗതിയുടെ പൂക്കാലം സമ്മാനിച്ച മികച്ചൊരു ഭരണാധികാരിയായിരുന്നു തിരുവിതാംകൂർ ദിവാൻ സർ സി.പി. രാമസ്വാമി അയ്യർ. എന്നാൽ ക്രൂരതയുടെ ആൾരൂപമായി ചരിത്രത്തിന്റെ പിന്നാമ്പുറങ്ങളിലേക്ക് എടുത്തെറിയപ്പെടാനായിരുന്നു അദ്ദേഹത്തിന്റെ നിയോഗം..! അദ്ദേഹത്തെക്കുറിച്ചുള്ള ഓർമ്മകൾക്കുപോലും ഇന്നും കാർക്കശ്യത്തിന്റെ കയ്പുനീരാണ്...! എന്നാൽ... തീർത്തുമൊരു വില്ലൻ പരിവേഷം നൽകി മാറ്റിനിർത്തേണ്ടവനോ തീർത്തും വിസ്മരിക്കപ്പെടേണ്ടവനോ ഈ ചരിത്രപുരുഷൻ?! സി.പി.യെന്ന അതികായനുമുണ്ട് നമ്മളറിയാത്തൊരു മുഖം. ഈ ലക്കത്തിൽ അദ്ദേഹത്തെക്കുറിച്ചാവട്ടെ.*

# ചരിത്രം വെറുത്ത സാത്വികൻ **സർ സി. പി.**

"Great and good are seldom the same man"
- Winston Churchill

'Where you stand depends on where you sit' എന്ന് ഇംഗ്ളീഷിൽ ഒരു പ്രയോഗം ഉണ്ട് . നാം എവിടെ നിൽക്കുന്നു എന്നത് നമ്മൾ എവിടെ ഇരിക്കുന്നു എന്നതിനെ ആശ്രയിച്ചിരിക്കുന്നു എന്നാണ് ഇതിനർത്ഥം. അതായത് നമ്മുടെ നിലപാടുകൾ നിശ്ചയിക്കുന്നത് നമ്മൾ ആർക്കൊപ്പം അല്ലെങ്കിൽ എന്തിനൊപ്പം നിൽക്കുന്നു എന്നതിനെ ആശ്രയിച്ചിരിക്കും. ഇതിന് Mile's Law എന്നാണ് ഇംഗ്ലീഷിൽ പറയുന്നത് . ചരിത്രത്തിൽ ഈ പ്രയോഗത്തിന് സുപ്രധാനമായ ഒരു സ്ഥാനം ഉണ്ട്. ചരിത്രത്തിൽ പല ശരികളും തെറ്റുകളും തികച്ചും ആപേക്ഷികമാണ് എന്നു പറയുന്നതാണ് ഇതിനു കാരണം. വളരെ അടുത്ത കാലത്തായി ബ്രിട്ടീഷ് പ്രധാനമന്ത്രി വിൻസ്റ്റൺ ചർച്ചിൽ തികഞ്ഞ ഒരു വംശീയവാദി മാത്രം ആയിരുന്നു എന്ന നിലയ്ക്കുള്ള പ്രചരണങ്ങൾ നടന്നുവരുന്നതായി കാണുന്നുണ്ട് . ഇവിടെയാണ് മുൻപുപറഞ്ഞ പ്രയോഗത്തിന് പ്രസക്തി ഏറുന്നത്. കാരണം, ചർച്ചിൽ ഒരു വംശീയവാദിയാണെങ്കിൽ, രണ്ടാം ലോകമഹായുദ്ധത്തിൽ അദ്ദേഹം പരാജയപ്പെടുത്തിയ അഡോൾഫ് ഹിറ്റ്ലറെ നമ്മൾ എന്തു വിളിക്കും എന്നുള്ള ചോദ്യം വളരെ പ്രസക്തമാണ്.



തഴയപ്പെട്ടു എന്നുമാത്രമല്ല അവരുടെ നിലപാടുകളും, പോരാട്ടങ്ങളും, നേട്ടങ്ങളും ഒക്കെ തെറ്റായി ചിത്രീകരിച്ചു അവരെ അവഗണിക്കുകയും ചെയ്തു എന്ന് നമുക്ക് കാണാവുന്നതാണ്. ഇത്തരത്തിൽ ഒരു യുഗത്തിന് അർഹമായ സകല നേട്ടങ്ങളും ആർക്കും അസൂയാർഹമായ വിധം കൈവരി ച്ചിട്ടും മേൽപ്പറഞ്ഞ ചരിത്രനിയോഗത്താൽ കേവലം ഒരു വില്ലനായി മാത്രം ഇന്ത്യയുടെ പ്രത്യേകിച്ച് കേരളത്തിന്റെ രാഷ്ട്രീയ ബൗദ്ധിക അക്കാദമിക ലോകം പുച്ഛിച്ചു തള്ളിയ ഒരു മഹത്‌വ്യക്തി ആയിരുന്നു സർ സി.പി. രാമസ്വാമി അയ്യർ. സർ സി.പി. രാമസ്വാമി അയ്യരുടെ ജീവൻ എടുക്കാൻ ശ്രമിച്ച അക്രമകാരിയെപോലും ആധുനിക കേരളം വാനോളം പുകഴ്ത്തുമ്പോൾ ചരിത്രം അദ്ദേഹത്തോടു കാണിച്ച നീതി നിഷേധം പൊറുക്കാൻ ആവുന്നതല്ല. കിഴക്കും പടിഞ്ഞാറുമുള്ള സംസ്കാരങ്ങളുടെ സമന്വയ സംയോജനമായിരുന്നു സർ സി.പി. രാമസ്വാമി അയ്യർ. സ്വാതന്ത്ര്യത്തിനു മുമ്പും സ്വാതന്ത്ര്യാനന്തര കാലഘട്ടത്തിലും അറുപത് വർഷത്തിൽ കൂടുതൽ ഇന്ത്യയുടെ രാഷ്ട്രീയ, ബൗദ്ധിക, സാംസ്കാരിക മേഖലയെ മികച്ച രീതിയിൽ പ്രതിനിധീകരിച്ച ഒരു അതികായൻ ആയിരുന്നു അദ്ദേഹം. വിശ്വവിഖ്യാത അമേരിക്കൻ നോവലിസ്റ്റ് സോമർസെറ്റ് മോം അദ്ദേഹത്തിന്റെ 'A Writer's Notebook' എന്ന പുസ്തകത്തിൽ സർ സി.പി.യെപ്പറ്റി വിവരിക്കുന്നത് ഇപ്രകാരമാണ്: "He had the geniality of the politician who for years has gone out of his way to be cordial with everyone he meets. He talked very good English, fluently, with a copious choice of words, and he put what he had to say plainly, and with logical sequence. He had a resonant voice and an easy manner. He did not agree with a good deal that I said and corrected me with decision, but with courtesy that took it for granted I was too intelligent to be affronted by contradiction. He was of course very busy, having all the affairs of the State in his charge, but seemed to have

ഇന്ത്യക്കാരെ സംബന്ധിച്ച് ചർച്ചിൽ വില്ലനും വംശീയവാദിയും ആണെങ്കിലും ബ്രിട്ടീഷുകാരെ സംബന്ധിച്ച് അങ്ങനെയല്ല. അതുപോലെ തന്നെ, ജൂതന്മാരെ സംബന്ധിച്ച് ഹിറ്റ്ലർ വംശീയവാദി ആണെങ്കിലും ജർമൻകാരെ സംബന്ധിച്ച് അങ്ങനെയല്ല. ഒരു പ്രത്യേക പാഠ്യപദ്ധതിയുടെ ഭാഗമായി ചരിത്രക്ലാസ്സുകളിൽ നാം പഠിച്ച പാഠങ്ങൾ നമ്മെ സംബന്ധിച്ചിടത്തോളം ഒരിക്കലും ചോദ്യം ചെയ്യപ്പെടുവാൻപോലും പാടില്ലാത്ത പരമമായ സത്യങ്ങൾ ആണ്. ചരിത്രസമരങ്ങളിൽ വിജയികൾ ആയവർ ചരിത്രം എഴുതി. അതിൽ അവർ അവരുടെ നിലപാടുകളുടെ ശരി പുനഃരാവിഷ്കരിച്ചു. അമേരിക്കയിലെ മിസോറി സെനറ്റർ ആയിരുന്ന George Graham Vest ഒരിക്കൽ അഭിപ്രായപ്പെട്ടത് ഇപ്രകാരം ആയിരുന്നു: 'In all revolutions the vanquished are the ones who are guilty of treason, even by the historians,for history is written by the victors and framed according to the prejudices and bias existing on their side.' ഇത് അക്ഷരാർത്ഥത്തിൽ ശരിതന്നെ എന്നു പറയാം. തോറ്റുപോയവർ ചരിത്രത്തിന്റെ ചവറ്റുകുട്ടയിൽ

enough leisure to talk for the best part of an hour on Indian metaphysics and religion as though there were nothing that interested him more. He seemed well read not only in Indian literature, but in English, but there was no indication that he had any acquaintance with the literature or thought of other European countries." 1932 ൽ പുറത്തിറങ്ങിയ 'The Narrow Corner'എന്ന തന്റെ നോവലിൽ സി. പി. രാമ സ്വാമിഅയ്യരുടെ സ്മരണാർത്ഥം രാമസ്വാമി അയ്യർ എന്ന ഒരു കഥാപാത്രത്തെ സൃഷ്ടിക്കുവാനും അദ്ദേഹം മറന്നില്ല.


ഒരു രാജാവിന്റെ വിജയവും, ഭരിക്കുന്ന രാജ്യത്തിന്റെ ക്ഷേമവും താൻ തിരഞ്ഞെടുക്കുന്ന മന്ത്രിമാരുടെ ജ്ഞാനത്തെ ആശ്രയിച്ചിരിക്കുന്നുവെന്ന് കൗടില്യൻ തന്റെ അർത്ഥശാസ്ത്രത്തിൽ എഴുതിയിട്ടുണ്ട്. അന്നത്തെ തിരുവിതാംകൂർ ഭരണാധികാരി ചിത്തിരതിരുനാൾ രാമവർമ്മ തിരുവിതാംകൂറിലെ ദിവാനായി സർ സി.പി. രാമസ്വാമി അയ്യരെ തിരഞ്ഞെടുത്തപ്പോൾ ഈ ചിന്തയായിരിക്കണം അദ്ദേഹത്തിന് ഉണ്ടായിരുന്നത്. കാരണം അക്ഷരത്തിലും ചൈതന്യത്തിലും കേരളത്തിന്റെ ചരിത്രത്തിൽ മറ്റൊരു വ്യക്തിക്കും മേൽപ്പറഞ്ഞവിധം കൗടില്യന്റെ ആശയം മറ്റൊരിടത്തും അർത്ഥവത്തായി കാണായിട്ടില്ല എന്നുള്ള കാര്യം പ്രത്യേകം എടുത്തു പറയേണ്ടതു തന്നെയാണ്. സർ സി.പി. 1936 മുതൽ അന്നത്തെ തെന്നിന്ത്യൻ രാജ്യമായ തിരുവിതാംകൂറിൽ ഒരു ദിവാനായി ഭരിച്ചു പോന്നു. അദ്ദേഹത്തിന്റെ നേട്ടങ്ങളുടെ ഫലം ഇപ്പോഴും ആസ്വദിക്കുന്ന ആളുകൾതന്നെ അദ്ദേഹത്തിന്റെ വിവിധ മേഖലകളിലുള്ള കഴിവ് പൂർണ്ണമായി സ്വായത്തമാക്കിയിട്ടില്ല എന്നുള്ളതും ചരിത്രത്തിന്റെ മറ്റൊരു വിരോധാഭാസമാണ്. സമകാലീന കേരളത്തിന്റെ രാഷ്ട്രീയ ബൗദ്ധിക വലയങ്ങളിൽ നാമമാത്രമായി മാത്രം ബഹുമാനിക്കപ്പെടുന്ന ഒരു ഭരണാധികാരി, തന്റെ ജീവിതകാലം മുഴുവൻ സമർപ്പിച്ച സംസ്ഥാനത്തുടനീളം രാഷ്ട്രീയമായി വെറുക്കപ്പെട്ട കഥ അനാവരണം ചെയ്യപ്പെടേണ്ടത് തന്നെയാണ്. ഇല്ലെങ്കിൽ സർ സി.പി. എന്ന ബഹുമുഖ വ്യക്തിത്വത്തോടു നമ്മൾ ചെയ്യുന്ന അനീതി ആയിരിക്കും അത് എന്നുള്ള കാര്യത്തിൽ സംശയമില്ല.

(തുടരും ......)

# അഭിനന്ദനങ്ങൾ



**ഹിഷ്മ എ.സി.**
പ്ലസ് ടു പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും A+ നേടി. മലപ്പുറം, ജില്ലാ ആഡിറ്റ് ഓഫീസിലെ ഓഡിറ്റ് ഓഫീസർ (ഹയർഗ്രേഡ്) എ.സി. അബ്ദുള്ളയുടെ മകളാണ്.



**ആരിഫ് എം.**
USS വിജയി, അസോസിയേഷന്റെ മലപ്പുറം ജില്ലാ പ്രസിഡന്റും ഓഡിറ്റ് ഓഫീസറുമായ മുഹമ്മദ് അലി എം.-ന്റെ മകനാണ്.



**മാളവിക റ്റി.പി.**
USS വിജയിയും SSLC പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും A+ ഉം നേടി.മലപ്പുറം ജില്ലയിലെ ആഡിറ്ററായ സുജാത എം.-ന്റെ മകളാണ്.

# പരിശിഷ്ട ശ്രേഷ്ഠന്മാർ

**എസ്. സാബു**

**അനുബന്ധം IV A**

**ഓവർടൈം അലവൻസ് റൂളുകൾ**

(കെ.എസ്.ആർ. ഭാഗം 1, റൂൾ 14)

1. നിയമസഭ സമ്മേളന കാലയളവിലെ ബത്തകളുമായി ബന്ധപ്പെട്ട ചട്ടങ്ങളാണിവ. സഭ സമ്മേളിക്കുന്ന കാലയളവുകളിൽ അധിക സമയം ജോലിചെയ്യുന്നതിന് ജീവനക്കാർക്ക് അധികബത്ത അനുവദിക്കുന്നുണ്ട് (Rules relating the grant of overtime allowance to the staff of departments during sessions of the Legislative Assembly).

   ഇതിൽ ഏഴു ഉപചട്ടങ്ങൾ ഉൾക്കൊള്ളുന്നു. ഓവർടൈം അലവൻസ് എല്ലാ വകുപ്പുകളിലെ ജീവനക്കാർക്കും ബാധകമല്ല. അനുവദനീയമായ വകുപ്പുകൾ ഇവയാണ്; സ്റ്റേഷനറി, നിയമസഭ സെക്രട്ടറിയേറ്റ്, നിയമം, പബ്ലിക് റിലേഷൻസ്, പൊതുമരാമത്ത് (റേഡിയോ, ഇലക്ട്രിക്കൽ, ഇലക്ട്രോണിക്സ്, സിവിൽ, മെക്കാനിക്കൽ വിഭാഗങ്ങൾ മാത്രം), ഹെൽത്ത് സർവീസസ്, എംഎൽഎ ഹോസ്റ്റലിലെ ഹെൽത്ത് ക്ലിനിക് വിഭാഗം, തിരുവനന്തപുരം മെഡിക്കൽ കോളേജിൽനിന്നും നിയോഗിക്കപ്പെട്ടവർ, പോലീസ്, ഫയർ & റെസ്ക്യു ഫോഴ്സ് എന്നിവ.

   പ്രസ്തുത വകുപ്പുകളിൽനിന്ന് ഓവർടൈം ഡ്യൂട്ടിക്കായി അധികാരപ്പെട്ടവർ നിയോഗിക്കപ്പെടുന്ന ജീവനക്കാർക്ക് മാത്രമാണ് ഇതിന് അർഹത. അധിക സമയബത്ത അനുവദിക്കുന്നതിന് ചില നിബന്ധനകൾ നിഷ്കർഷിച്ചിട്ടുണ്ട്. അവ ചുവടെ;

2. ഓഫീസ് പ്രവർത്തന ദിനങ്ങളിൽ രാവിലെ പത്തു മണിക്കു മുമ്പോ അല്ലെങ്കിൽ അഞ്ചുമണിക്കു ശേഷമോ ചുരുങ്ങിയത് രണ്ടു മണിക്കൂർ ഡ്യൂട്ടി സമയമെങ്കിലും ഡ്യൂട്ടി ചെയ്തിരിക്കേണ്ടതാണ്. അവധി ദിവസങ്ങളിൽ ഇത് മൂന്നു മണിക്കൂറാണ്.
3. അർഹരായ മേലധികാരികൾ (വകുപ്പ്/ ഓഫീസ് തലവന്മാർ) ഇത്തരത്തിലെ ജീവനക്കാരുടെ പേരുവിവരം, ഡ്യൂട്ടി സമയം (രാവിലെ/ വൈകുന്നേരം അല്ലെങ്കിൽ അവധി ദിനങ്ങളിൽ) എന്നിവയുൾപ്പെട്ട നിർദ്ദേശങ്ങൾ രേഖാമൂലം നൽകിയിരിക്കേണ്ടതാണ്.
4. ഓവർടൈം അലവൻസ് ക്ലെയിം ചെയ്യുന്ന ബില്ലുകളിൽ ഡ്രോയിംഗ് ഓഫീസർ നിശ്ചിത മാതൃകയിലെ സർട്ടിഫിക്കറ്റുകൂടി ചേർക്കേണ്ടതാണ് (മാതൃക അനുബന്ധത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്).
5. മേൽപ്പറഞ്ഞ പ്രകാരം ബത്തകൾ അനുവദിക്കപ്പെടുന്ന ജീവനക്കാർക്ക് പ്രസ്തുത ഡ്യൂട്ടികൾ നിർവ്വഹിച്ചതിന് നഷ്ടപരിഹാര അവധികൾ, അധിക വേതനം, വാഹന/ വാടക ചാർജ്ജുകൾ എന്നിവയ്ക്ക് അർഹതയുണ്ടായിരിക്കുന്നതല്ല.
6. അധികസമയ ഡ്യൂട്ടികൾക്കനുവദിക്കപ്പെടുന്ന ഇത്തരം വേതനം ഓണറേറിയം എന്ന ഗണത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

   ഇത് ശമ്പളബില്ലിനൊപ്പം എഴുതി വാങ്ങാവുന്നതാണ്.

   ഗസറ്റഡ് ജീവനക്കാർക്ക് വകുപ്പ്/ ഓഫീസ് തലവന്റെ സർട്ടിഫിക്കറ്റിന്മേൽ അക്കൗണ്ടന്റ് ജനറൽ ഇത് അധികാരപ്പെടുത്തുന്നു.
7. അധികസമയ ജോലി വിവരങ്ങൾ, അതിനായി അനുവദിക്കപ്പെടുന്ന തുകകൾ എന്നിവയുടെ വിശദവിവരങ്ങൾ ഫോം നമ്പർ 14 പ്രകാരമുള്ള രജിസ്റ്ററിൽ ഉൾപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്.

കുറിപ്പ്:

KSRൽ 14 ഇനം ഫോമുകളാണുള്ളത്. ഇതിൽ 01 മുതൽ 06 വരെയും ശേഷം 08, 08 എ, 11 എന്നിവയും KSR Part III നെ അടിസ്ഥാനമാക്കിയുള്ളതാണ്. 09, 10 എന്നിവ നീക്കം ചെയ്തു.

അവശേഷിക്കുന്ന 07 (ലീവ് അക്കൗണ്ട്- റൂൾ 112, Part I, KSR), 12 (ഒഫിഷ്യേറ്റിങ്/ ടെമ്പററി സർക്കാർ ജീവനക്കാർക്ക് ഹയർസ്റ്റഡീസിനായി അവധി അനുവദിക്കപ്പെടുമ്പോൾ ഏർപ്പെടേണ്ടുന്ന ബോണ്ടിന്റെ രൂപം - റൂൾ 91) & 14 (ഓവർടൈം രജിസ്റ്റർ) എന്നിവ KSR Part I ന്റെ ഭാഗമാണ്.

കവിത


# കനിവ്

പ്രീത എസ്.എസ്.

ഇരവിന്റെ കനവിൽ
ഒളിമിന്നൽ പകരുമൊരു
മിന്നാമിനുങ്ങിൻ
കനിവല്ലയോ ജീവിതം

നില തെറ്റി വീഴുന്ന
തെളിനീരു താങ്ങുന്ന
ഇല പച്ച തേടുന്ന
കനിവല്ലയോ ജീവിതം

പറയാതെ പോയൊരു
തെന്നലിൻ ചിറകുകൾ
പലകുറി തൊട്ടുഴിയും
കനിവല്ലയോ ജീവിതം



പൂമൊട്ടിനുള്ളിൽ
നീറി പിടയുമൊരു
സുഗന്ധം പരത്തും
കനിവല്ലയോ ജീവിതം

നീ നീട്ടും മിഴികളിൽ
നീർ കുമിളയാകുന്ന
സ്നേഹ മന്ത്രമാം
കനിവല്ലയോ ജീവിതം

സ്വപ്നങ്ങൾ പാതിമയക്ക
ത്തിലനാഥമാകുമ്പോൾ
വിളിപ്പാടകലേ നിദ്ര തലോടും
കനിവല്ലയോ ജീവിതം

# അഭിനന്ദനങ്ങൾ



**അലീന റ്റി.കെ.**

SSLC പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും A+ നേടി. മലപ്പുറം ജില്ലയിലെ അസി. ആഡിറ്റ് ഓഫീസറായ റ്റി.പി. സൽമത്തിന്റെ മകളാണ്.



**മനുപ്രകാശ് റ്റി.പി.**

SSLC പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും A+ നേടി.മലപ്പുറം ജില്ലയിലെ ആഡിറ്ററായ സുജാത എം.-ന്റെ മകളാണ്.



**സൗഗന്ധ് റ്റി.പി.**

SSLC പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും A+ നേടി. മലപ്പുറം, കാലിക്കറ്റ് യൂണിവേഴ്സിറ്റി ഓഡിറ്റിലെ ഓഡിറ്റ് ഓഫീസറായ രഘുനാഥ് സി.യുടെ മകനാണ്.



നവാഗതരെ പരിചയപ്പെടുത്തുന്നു

## പുതിയ ഇന്നിംഗ്സ് തേടി റെൻസി

അങ്കമാലി ഭക്ഷ്യ സുരക്ഷാ ഓഫീസിൽ LD ക്ലാർക്ക് ആയിരിക്കെ ഒന്നാം റാങ്കിന്റെ തിളക്കവുമായി 2019 ഓഗസ്റ്റിൽ കൊച്ചി കോർപ്പറേഷൻ ഓഡിറ്റിൽ ഓഡിറ്ററായി ജോലിയിൽ പ്രവേശിച്ച റെൻസി അറിയപ്പെടുന്ന ഒരു ക്രിക്കറ്റ് താരം കൂടിയാണ്. 2010-ൽ ചരിത്രത്തിലാദ്യമായി അന്തർ സർവ്വകലാശാല വനിത ക്രിക്കറ്റ് കിരീടം കാലിക്കറ്റ് സർവ്വകലാശാലയ്ക്ക് നേടിക്കൊടുത്ത ടീമിന്റെ വിജയശില്പികളിലൊരാൾ കൂടിയായ റെൻസി അഞ്ചു വർഷം കേരള ക്രിക്കറ്റ് ടീമിൽ അംഗമായിരുന്നു. അബ്ദുൾ കരീമിന്റെയും ഇസ്മത്തിന്റെയും മകളായ റെൻസി കോഴിക്കോട് സ്വദേശിനിയും സൈക്കോളജിയിൽ മാസ്റ്റർ ബിരുദധാരിണിയുമാണ്.

---

*അനുവാചക മനസുകളെ സ്ഥൂലസത്യങ്ങളിൽ നിന്ന് സൂക്ഷ്മ സത്യങ്ങളിലേക്ക് പരിവർത്തന പ്പെടുത്താനുള്ള മാസ്മരികശക്തിയുണ്ട് കാവ്യങ്ങൾക്ക്. അതിനാൽ കാവ്യങ്ങൾ ഒക്കെത്തന്നെ അനശ്വര മന്ത്രങ്ങളാണ്. അത്തരം അനശ്വര കാവ്യ ശകലങ്ങളെക്കുറിച്ചാണ് ഈ പംക്തി.*

# അനശ്വര മന്ത്രങ്ങൾ–1

**സി.വി.**

ഇംഗ്ലീഷിൽ എഴുതുന്ന ഫ്രഞ്ച് എഴുത്തുകാരനാണ് ഹിലയർ ബലോക് . അദ്ദേഹത്തിന്റെ ഒരു ചെറുകവിതയാണ് The Night (നിശീഥിനി). ഒരു രാത്രിയോട് സംവദിക്കുന്നു കവി. സാധാരണ മനുഷ്യൻ രാത്രിയെ നോക്കിക്കാണുന്നത് പോലെയല്ല കവികാണുന്നത്. ഏറ്റവും പരിശുദ്ധ മായ രാത്രിയാണിത്. മനുഷ്യ നിദ്രയാകുന്ന കവാടങ്ങളുടെ താക്കോൽ കൂട്ടങ്ങളുടെ കാവൽക്കാരനാണ് രാത്രി. അന്നും, ഇന്നും, എന്നും . അതിനാൽ ഉറക്കത്തിലേക്ക് വീഴുന്ന എന്റെ തളർന്ന നയനങ്ങൾക്ക് സാന്ത്വനമേകാൻ കവി ആവശ്യപ്പെടുന്നു. പടിയിറങ്ങിപ്പോയ ദിനങ്ങളുടെ ചരമഗീതങ്ങൾ എനിക്കാവശ്യമില്ല. ആയതിനാൽ, കഴിഞ്ഞ കാലത്തെയോർത്ത് വിലപിക്കുന്നവരോട് തുറന്നിരിക്കുന്ന എന്റെ കാതുകളിൽ മൃദുലമായ താരാട്ടുപാടാൻ ആവശ്യപ്പെടാവുന്നതാണ്. നിദ്രാധീനനായ എന്റെ കിടക്കയ്ക്കരിക്കിൽ തിളങ്ങുന്ന അമ്പിളിക്കലയ്ക്ക് കാവൽ നിൽക്കുന്ന നക്ഷത്രങ്ങൾ അവരുടെ ഓർമകൾ പാടട്ടേ. അതുകേട്ട് എനിക്കുറങ്ങണം. പുതിയ സ്വപ്നങ്ങൾ കണ്ട് അനുഗ്രഹിക്കപ്പെട്ടുറങ്ങാൻ എന്നെ അനുവദിക്കൂ. പരിശുദ്ധയായ രാജനീ നിന്റെ നീണ്ട ചിറകുകൾ വിരിച്ച് എന്റെ മുഖം മറയ്ക്കൂ എനിക്ക് നന്നായു റങ്ങണം പകൽ വെളിച്ചത്തെ നീ എന്നിൽ നിന്ന് മറച്ചുവയ്ക്കൂ. എന്റെ ഈ ചെറിയ നിദ്രയിൽ നിനക്ക് സന്തോഷമില്ല എന്നെനിക്കറിയാം എങ്കിലും പരിശുദ്ധ രജനിയായ നിന്നോടൊപ്പം നേരംപോക്കാൻ എനിക്കാഗ്രഹമുണ്ട്. രാജാധിരാജനായ ക്രിസ്തുവിന്റെ തിരുപ്പിറവി നടന്ന രാത്രിയെയാണ് "Holy Night" എന്ന് കവി വിളിക്കുന്നതിലൂടെ നമുക്ക് ഓർമവരുന്നത്.



## കേരള സർക്കാർ

### സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്- കേരളത്തിലെ തെരുവുകൾ പ്രകാശിപ്പിക്കുക എന്ന ലക്ഷ്യത്തോടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പരമ്പരാഗത തെരുവ് വിളക്കുകൾക്ക് പകരമായി എൽ.ഇ.ഡി.കൾ സ്ഥാപിക്കുന്നതിനുള്ള 'നിലാവ്' പദ്ധതിക്ക് അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ (ഡി.എ.) വകുപ്പ്**

സ.ഉ. (കൈ) നം. 202/2020/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം 25/12/2020

പരാമർശം;
1. സ.ഉ(കൈ) നം. 117/2020/ത.സ്വ.ഭ.വ. തീയതി 10.08.2020
2. 06.11.2020 തീയതിയിൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന വീഡിയോ കോൺഫറൻസ് യോഗ നടപടിക്കുറിപ്പ്.
3. കെ.എസ്.ഇ.ബി.എൽ. ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ 17.11.2020 തീയതിയിലെ CP/Pig 2/NILAAV/LED Street Lights/2020-21/17 നമ്പർ കത്ത്.
4. 20/11/2020ൽ മുഖ്യമന്ത്രിയുടെ പ്രോഗ്രാം ഇംപ്ലിമെന്റേഷൻ സെൽ സംഘടിപ്പിച്ച യോഗത്തിന്റെ അടിസ്ഥാനത്തിൽ കെ.എസ്.ഇ.ബി.എൽ. ഡയറക്ടർ 30.11.2020 തീയതിയിൽ CP/Pig 2/ NILAAV/ LED Street Lights/2020-21/127 നമ്പർ കത്തിനോടൊപ്പം സമർപ്പിച്ച വിശദമായ പദ്ധതി രൂപരേഖ.
5. 18.12.2020, 20.12.2020 തീയതികളിൽ ഊർജ്ജവകുപ്പ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ വീഡിയോ കോൺഫറൻസ് മുഖേന നടത്തിയ യോഗ നടപടിക്കുറിപ്പ്.
6. ഊർജ്ജവകുപ്പ് സെക്രട്ടറിയുടെ 21.12.2020-ലെ 25/Secy/PWR/2020 നമ്പർ കുറിപ്പിനോടൊപ്പം ഉള്ളടക്കം ചെയ്തിരുന്ന ലെറ്റർ ഓഫ് ഇൻഡന്റ്, ഉപാധികളും നിബന്ധനകളും, എൽ.ഇ.ഡി. വിളക്കുകളുടേയും അനുബന്ധ സാമഗ്രികളുടേയും ടെക്നിക്കൽ, സ്പെസിഫിക്കേഷൻസ് എന്നിവയും 22.12.2020 ലെ കുറിപ്പും.

### ഉത്തരവ്

കേരളത്തിലെ തെരുവുകൾ പ്രകാശിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ഊർജ്ജ ഉപഭോഗവും പാരിസ്ഥിതിക ആഘാതവും കുറച്ചുകൊണ്ടും ഊർജ്ജലാഭം നേടിക്കൊണ്ടും കേരളത്തിലുടനീളം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പരമ്പരാഗത തെരുവുവിളക്കുകൾക്ക് പകരമായി എൽ.ഇ.ഡി.കൾ സ്ഥാപിക്കുന്നതിന് 'നിലാവ്' എന്ന പദ്ധതി നടപ്പിലാക്കുവാൻ പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. പദ്ധതി നടപ്പിലാക്കുന്നതിൽ ചില പ്രായോഗിക പ്രശ്നങ്ങൾ നേരിട്ടതിനാൽ പദ്ധതി ഘടകങ്ങൾ പുനഃആവിഷ്കരിക്കേണ്ടി വന്നു. നഗര-ഗ്രാമ പ്രദേശങ്ങളിൽ നിലവിൽ ഉപയോഗത്തിലുള്ള തെരുവ് വിളക്കുകൾ ഏതെല്ലാം തരത്തിലുള്ളവയാണെന്നും വൈദ്യുതി ഉപഭോഗം എത്രയാണെന്നും കണ്ടെത്തുന്നതിനായി തിരഞ്ഞെടുത്ത 20 തദ്ദേശസ്ഥാപനങ്ങളിൽ, കെ.എസ്.ഇ.ബി.എൽ-ഉം തദ്ദേശ സ്ഥാപനങ്ങളുമായി യോജിച്ച് ഒരു പഠനം നടത്തുകയുണ്ടായി. മേൽ പഠനത്തിൽ സംസ്ഥാനത്ത് ഏകദേശം 16.24 ലക്ഷം ഇലക്ട്രിക് ബൾബുകളാണ് തെരുവ് വിളക്കുകളായി ഉള്ളതെന്നും ആയതിൽ 65% അതായത് 10.5 ലക്ഷം പരമ്പരാഗത ലൈറ്റുകളാണെന്നും കണ്ടെത്തി. ഈ പഠനത്തിന്റെയും തുടർ ചർച്ചകളുടെയും വെളിച്ചത്തിൽ താഴെ വിശദീകരിക്കും വിധത്തിൽ 'നിലാവ്' പദ്ധതി പുനക്രമീകരിച്ചുകൊണ്ട് നടപ്പിലാക്കാൻ തീരുമാനിച്ചു.

3. പുതിയ 'നിലാവ്' പദ്ധതിയുടെ സവിശേഷതകൾ ഇപ്രകാരമാണ്.

- തദ്ദേശ സ്ഥാപനങ്ങളുടെ ഫണ്ട് മുൻകൂട്ടി നിക്ഷേപം കൂടാതെ കിഫ്ബിയുടെ സാമ്പത്തിക സഹായത്തോടു കൂടിയായിരിക്കും പദ്ധതി നടപ്പിലാക്കുക. ടി പദ്ധതിയുടെ "Special Purpose Vechicle" (SPV) KSEBL ആയിരിക്കും. LED കളുടെ വാങ്ങലും ഇൻസ്റ്റലേഷനും KSEBL -ന്റെ

ആഭിമുഖ്യത്തിലായിരിക്കും നടക്കുക. പദ്ധതി പ്രകാരം സ്ഥാപിക്കുന്ന LED കളുടെ വാറന്റി കാലാവധി എഴു വർഷമായിരിക്കും. Energy Efficiency Services Ltd. (EESL) ആയിരിക്കും 'നിലാവ്' പദ്ധതിയുടെ Project Management Unit (PMU).

- പദ്ധതിയുടെ ക്യാപിറ്റൽ കോസ്റ്റ് KIIFB ആയിരിക്കും വഹിക്കുക. മൊത്തം പ്രോജക്ട് ചെലവ് കണക്കാക്കിയിട്ടുള്ളത് 28982.91 ലക്ഷം രൂപയാണ്. LED വിളക്കുകളുടെ വിതരണം പൂർത്തീകരിക്കുന്നതോടുകൂടി മൊത്തം ചെലവിന്റെ 80% പേയ്മെന്റായി EESL ന് നൽകും. LED വിളക്കുകളുടെയും fixtures (IDC) ഉൾപ്പെടെയുള്ള അനുബന്ധ സാമഗ്രികളുടെയും മൊത്തം വിലയുടെ 2% പി.എം.സി. ചാർജ്ജായി EESL ന് നൽകേണ്ടതാണ്. ബൾബുകളുടെയും അനുബന്ധ സാമഗ്രികളുടെയും സ്വീകാര്യത പരിശോധിച്ച് (physoical verificaton), വിതരണം പൂർത്തീകരിച്ചെന്ന് KSEBL ഉറപ്പാക്കിയ ശേഷമായിരിക്കും ബൾബുകളുടെ വിലയുടെ 80% തുകയും അനുബന്ധ സാമഗ്രികളുടെ (IDC) വിലയുടെ 100% തുകയും EESL ന് നൽകുക. ബൾബുകളുടെ വിലയിൽ ബാക്കി നൽകുവാനുള്ള 20% തുക 7 വർഷം കൊണ്ട് പലിശയില്ലാതെ വാർഷിക തിരിച്ചടവായി KIIFB നൽകും. ആയത് പദ്ധതിയിൽ പങ്കെടുക്കുന്ന തദ്ദേശ സ്ഥാപനങ്ങളുടെ വികസന ഫണ്ടിന്റെ ഉറവിടത്തിൽ നിന്ന് കുറവ് ചെയ്ത് കിഫ്ബിക്ക് നൽകുന്നതാണ്.
- LED കളുടെ വിവിധ വാട്ടേജുകളും എണ്ണവും അടങ്ങുന്ന പാക്കേജുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് തിരഞ്ഞെടുക്കാവുന്നതാണ്. ഓരോ പാക്കേജിലും 500 LED ഉണ്ടായിരിക്കുന്നതാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വലുപ്പവും ആവശ്യവും അനുസരിച്ച് ലഭ്യമായ 5 പാക്കേജുകളിൽ ഒന്നോ അതിലധികമോ പാക്കേജുകൾ തിരഞ്ഞെടുക്കാം. നഗരവൽകൃത സ്വഭാവം കൂടുതലുള്ള പ്രദേശങ്ങൾക്ക് ഉയർന്ന പാക്കേജുകളും പഞ്ചായത്തുകൾക്ക് താഴ്ന്ന പാക്കേജുകളും ആവശ്യാനുസരണം തിരഞ്ഞെടുക്കാവുന്നതാണ്.
- പദ്ധതിയിൽ പങ്കെടുക്കുന്ന തദ്ദേശസ്ഥാപനങ്ങൾ മുൻകൂറായി ഉറപ്പിച്ച വാർഷിക വരിസംഖ്യ KIIFB ക്കു നൽകേണ്ടതാണ്. ഇതുമൂലം തുക മുടക്കം വരുന്നതും പലിശ കുടിശ്ശിക ആകുന്നതും ഒഴിവാക്കപ്പെടും.
- പ്രാതിനിധ്യസ്വഭാവമുള്ള തദ്ദേശസ്വയംഭരണ സ്ഥാനപങ്ങളുടെ തെരുവ് വിളക്ക് ഉപഭോഗ വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ പരമ്പരാഗത ലൈറ്റുകളിൽനിന്ന് എൽ.ഇ.ഡി.കളിലേക്ക് മാറുമ്പോൾ വൈദ്യുതി ബില്ലുകളിൽ ഓരോ പാക്കേജ് പ്രകാരം ലഭിക്കാൻ സാധ്യത ഉണ്ടെന്നു കണക്കാക്കിയ വാർഷിക savings അനുബന്ധത്തിൽ ഉൾപ്പെടുത്തിയിട്ടണ്ട്. മേൽ പ്രകാരം കണക്കാക്കിയ savings ന്റെ 75% ആയിട്ടാണ് വരിസംഖ്യ നിജപ്പെടുത്തിയിട്ടുള്ളത്. ഓരോ പാക്കേജിന്റെയും വാർഷിക വരിസംഖ്യ തുകയും അനുബന്ധത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. തിരഞ്ഞെടുക്കുന്ന പാക്കേജുകളുടെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ വികസന ഫണ്ടിൽനിന്നും വാർഷിക വരിസംഖ്യ കുറവ് ചെയ്യും.
- ധനകാര്യവകുപ്പ് തദ്ദേശ സ്ഥാപനങ്ങളുടെ വികസന ഫണ്ടിന്റെ ഉറവിടത്തിൽ നിന്ന് കുറയ്ക്കുന്ന തുക ഓരോ സാമ്പത്തിക വർഷത്തിലും നേരിട്ട് കിഫ്ബിക്ക് നൽകും. വാർഷിക വരിസംഖ്യ 7 വർഷം നൽകണം.
- ഏഴു വർഷം എന്ന വാറന്റി കാലാവധിക്കുള്ളിൽ പദ്ധതിയുടെ ഭാഗമായി സ്ഥാപിച്ച LED കളിൽ കേടാകുന്ന ബൾബുകളും (പ്രകൃതിദുരന്തം കാരണമോ കൈകാര്യം ചെയ്യുന്നതിലുള്ള അപാകത കാരണമോ അല്ലാത്തവ) സൗജന്യമായി EESL പുനസ്ഥാപിക്കേണ്ടതാണ്.
- ഇലക്ട്രിസിറ്റി ചാർജിന്റെ കുറവിൽ വരുന്ന ആനുകൂല്യം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് തിട്ടപ്പെടുത്തണമെങ്കിൽ മീറ്റർ സ്ഥാപിക്കേണ്ടതുണ്ട്. ആയത് വാടക അടിസ്ഥാനത്തിൽ KSEBL-ൽ നിന്ന് ലഭ്യമാക്കാവുന്നതാണ് എന്ന് KSEBL അറിയിച്ചിട്ടുണ്ട്.
- പദ്ധതിക്കാവശ്യമായ LED രണ്ടു ഘട്ടങ്ങളിലായി EESL-ൽ നിന്ന് KSEBL വാങ്ങുന്നതാണ്.
    - ആദ്യ ഘട്ടത്തിൽ 18W, 35 W എന്നീ ഇനങ്ങളിലുള്ള 2 ലക്ഷം LED കളാണ് വാങ്ങുക. ആദ്യഘട്ടത്തിലെ 5000-10000 യൂണിറ്റ് (fixture ഉൾപ്പെടെ) ജനുവരി ആദ്യവാരത്തിലും 20000 യൂണിറ്റ് ജനുവരി 20-ന് ഉള്ളിലും ബാക്കിയുള്ള 1,70,000 യൂണിറ്റ് അതിനുശേഷവും കാലവിളംബം കൂടാതെ ജനുവരിക്കുള്ളിൽത്തന്നെ ലഭ്യമാക്കേണ്ടതുമാണ്.
    - തദ്ദേശസ്ഥാപനങ്ങളുടെ ആവശ്യാനുസരണം രണ്ടാം ഘട്ടത്തിൽ 18W, 35W, 70W, 110W എന്നീ ഇനങ്ങളിലുള്ള ഉദ്ദേശം 8.5 ലക്ഷം LED കളാണ് വാങ്ങാൻ ഉദ്ദേശിക്കുന്നത്. ര

ണ്ടാംഘട്ടം 2021 മാർച്ച് 31 നും പൂർത്തീകരിക്കേണ്ടതാണ്.

- LED കളുടെ മെയിന്റനൻസ് നടത്തുക തദ്ദേശസ്ഥാപനങ്ങളിൽ നിക്ഷിപ്തമായിരിക്കും. (മെയിന്റനൻസ് ചെലവ് തദ്ദേശസ്ഥാപനങ്ങൾ വഹിക്കേണ്ടതാണ്). തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നിലവിൽ ചെയ്തുവരുന്നതുപോലെ, KSEBL-നെയോ, മറ്റു സർവ്വീസ് കരാറുകാരെയോ സമീപിച്ച് മെയിന്റനൻസ് നടപ്പിലാക്കാവുന്നതാണ്.
- പി.എം.സി. ചാർജ്ജ് 2% ആയതിനാലും 20% മൂലധന ചെലവ് 7 വർഷംകൊണ്ട് തിരിച്ചടയ്ക്കുന്നതിനാലും KSEBLന് ബാങ്ക് ഗ്യാരണ്ടി നൽകുന്നതിൽനിന്ന് EESL -നെ ഒഴിവാക്കിയിട്ടുണ്ട്. ഏറ്റവും ഒടുവിൽ EESL നടപ്പാക്കിയ നൂതനവും സുതാര്യവുമായ മത്സരാധിഷ്ഠിത ബിഡ്ഡിംഗിൽ രേഖപ്പെടുത്തിയ തുകയുടെ അടിസ്ഥാനത്തിൽ വേണം KSEBL, EESL ന് നൽകുന്ന LoA യിലെ നിരക്ക് നിശ്ചയിക്കേണ്ടത്. KSEBL നിശ്ചയിച്ച സ്പെസിഫിക്കേഷൻ പ്രകാരമുള്ള, ആദ്യഘട്ടത്തിലെ 2 ലക്ഷം ബൾബുകൾക്കാവശ്യമായ അനുബന്ധ സാമഗ്രികൾ EESL ലഭ്യമാക്കേണ്ടതാണ്. രണ്ടാം ഘട്ടത്തിലെ 8.5 ലക്ഷം ബൾബുകൾക്കാവശ്യമായ അനുബന്ധ സാമഗ്രികൾ KSEBLന് EESL-ന്റെ സഹായത്തോടുകൂടിയോ നേരിട്ടോ വാങ്ങാവുന്നതാണ്. കേടാകുന്ന സ്ട്രീറ്റ് ലൈറ്റുകൾ പുനഃസ്ഥാപിക്കുന്നതിനായി അധികവില നൽകാതെ 5% ബഫർ സ്ട്രീറ്റ് ലൈറ്റുകൾ EESL ലഭ്യമാക്കേണ്ടതും വാറണ്ടി കാലയളവിൽ പരിപാലിക്കേണ്ടതുമാണ്. വിളക്കുകൾ ഇളക്കുന്നതിനും പുനഃസ്ഥാപിക്കുന്നതിനും 500 രൂപാ നിരക്കിലുള്ള തുക കിഫ്ബി നേരിട്ട് KSEBL-ന് നൽകേണ്ടതാണ്. കയറ്റിറക്കുകൂലി കേരളത്തിൽ നിലവിലുള്ള നിരക്ക് പ്രകാരം EESL വഹിക്കേണ്ടതാണ്. അപ്രതീക്ഷിതമായ ചെലവുകൾ ഉണ്ടാകുന്നപക്ഷം KSEBL വഹിക്കേണ്ടതും ആയത് കിഫ്ബിയിൽനിന്ന് തിരികെ നൽകുന്നതുമാണ്.

4. പുനഃആവിഷ്ക്കരിച്ച നിലാവ് പദ്ധതിയുമായി ബന്ധപ്പെട്ട വിഷയങ്ങൾ സർക്കാർ വിശദമായി പരിശോധിച്ചു. കേരളത്തിലെ തെരുവുകൾ പ്രകാശിപ്പിക്കുക എന്ന ലക്ഷ്യത്തോടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പരമ്പരാഗത വിളക്കുകൾക്ക പകരമായി LED-കൾ സ്ഥാപിക്കുന്ന 'നിലാവ്' പദ്ധതിക്കായി, പരാമർശം (4) പ്രകാരം KSEB Limited ഡയറക്ടർ സമർപ്പിച്ചിട്ടുള്ള വിശദമായ പദ്ധതി രൂപരേഖയുടെ അടിസ്ഥാനത്തിൽ മേൽവിവരിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങളോടെയും മാറ്റങ്ങളോടെയും അംഗീകരിച്ചുകൊണ്ടും പ്രസ്തുത പദ്ധതിയുടെ SPV ആയി KSEB Limited നെ നിശ്ചയിച്ചുകൊണ്ടും KSEL Limited ന് അനുമതി നൽകിയും പദ്ധതി കിഫ്ബി ധനസഹായത്തോടെ നടപ്പിലാക്കുവാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. കിഫ്ബിയുടെ വിലയിരുത്തലുകളുടെ അടിസ്ഥാനത്തിലുള്ള ചെറിയ വ്യത്യാസങ്ങൾക്കനുസൃതമായ മാറ്റങ്ങൾ 'Mutatis mutandis' അംഗീകരിക്കപ്പെട്ട പദ്ധതി ചട്ടക്കൂടിനുള്ളിൽ നിന്നുകൊണ്ട് വരുത്തുന്നതിനുംകൂടി അനുമതി നൽകുന്നു.
5. ഈ ഉത്തരവിന്റെ വെളിച്ചത്തിൽ പരാമർശം (1)ലെ ഉത്തരവ് ഇതിനാൽ റദ്ദു ചെയ്യുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ശാരദ മുരളീധരൻ ഐ എ എസ്**

**അഡീഷണൽ ചീഫ് സെക്രട്ടറി**

Annexure

| | Package 1 | Package 2 | Package 3 | Package 4 | Package 5 |
|---|---|---|---|---|---|
| 18 W | 250 | 225 | 375 | 325 | 300 |
| 35 W | 200 | 225 | 100 | 150 | 200 |
| 70 W | 25 | 25 | 0 | 25 | 0 |
| 110 W | 25 | 25 | 25 | 0 | 0 |
| Total No: of LEDs | 500 | 500 | 500 | 500 | 500 |
| Project Cost (Rs lakhs) | 14.22 | 14.27 | 13.69 | 13.41 | 13.17 |
| Annual Energy Saving(kWh) | 81,780 | 79,915 | 94,920 | 95,575 | 97,545 |
| Expected Annual saving in Electricity Bill (Rs lakhs) | 3.52 | 3.44 | 4.08 | 4.11 | 4.19 |
| Annual Subscription payments to KIIFB (Rs Lakhs) | 2.64 | 2.58 | 3.06 | 3.08 | 3.15 |

**കേരള സർക്കാർ**

നം. ആർ.സി 2/100/2020/തസ്വഭവ

തദ്ദേശസ്വയംഭരണ (ആർ.സി.)വകുപ്പ്
തിരുവനന്തപുരം, തീയതി, 03.05.2020

## പരിപത്രം

വിഷയം; 2011 ലെ കേരള മുൻസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും)ചട്ടങ്ങളിലെയും, 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെയും ചട്ടം 24 ൽ വ്യക്തത വരുത്തി നിർദ്ദേശം പുറപ്പെടുവിക്കുന്നു.

2011 ലെ കേരള മുൻസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെയും, 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെയും ചട്ടം 24 പ്രകാരം ഏതെങ്കിലും കെട്ടിടം പണിയുകയോ, പുതുക്കി പണിയുകയോ ചെയ്യുന്ന സംഗതിയിൽ കെട്ടിടം പൂർത്തിയാക്കുകയോ, പുതുക്കിപ്പണിയുകയോ, കെട്ടിടത്തിൽ ആൾ താമസിക്കുകയോ, കെട്ടിടം മറ്റ് ഏതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുകയോ, ഇതിലേതാണ് നേരത്തെ സംഭവിക്കുന്നത് ആ തീയതി മുതൽ 15 ദിവസത്തിനകം, കെട്ടിട ഉടമ സെക്രട്ടറിക്ക് അതു സംബന്ധിച്ച നോട്ടീസും 11-ാം ചട്ടപ്രകാരമുള്ള വസ്തു നികുതി റിട്ടേണും നൽകേണ്ടതും ആ അർദ്ധവർഷാരംഭം മുതൽ പുതുക്കിയ വാർഷിക വസ്തു നികുതി നൽകാൻ അയാൾ ബാദ്ധ്യസ്ഥനായിരിക്കുന്നതുമാണ്.

കെട്ടിടം പൂർത്തിയാക്കിയതായി ഉടമ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ അറിയിക്കുന്ന തീയതി മുതൽ നികുതി ഈടാക്കുന്ന വ്യവസ്ഥയാണ് നിലവിൽ സ്വീകരിക്കുന്നത്. എന്നാൽ ഉദ്യോഗസ്ഥർ പരിശോധന നടത്തി കെട്ടിടനിർമ്മാണ ചട്ടങ്ങൾ അനുശാസിക്കുന്ന വിധത്തിൽ പൂർത്തിയായിട്ടുണ്ട് എന്ന് സാക്ഷ്യപ്പെടുത്തുന്ന തീയതി മുതൽക്കാണ് ഒക്യുപെൻസി നൽകുന്നത്. കംപ്ലീഷൻ തീയതി മുതൽ 15 ദിവസത്തിനകം ഒക്യുപെൻസി നൽകണമെന്ന് വ്യവസ്ഥയുണ്ടെങ്കിലും ചില അപേക്ഷകളിൽ സങ്കേതികവും നിയമപരവുമായ കാരണങ്ങളാൽ കാലതാമസം ഉണ്ടാകുന്നുണ്ട്. ഇക്കാരണത്താൽ കെട്ടിടം ഉപയോഗിക്കാതെ തന്നെ നികുതി നൽകേണ്ടി വരുന്നത് പല കെട്ടിട ഉടമകൾക്കും സാമ്പത്തിക ബാധ്യത ഉൾപ്പെടെയുള്ള ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നതായി പരാതികൾ ലഭിക്കുന്നു. മേൽപ്പറഞ്ഞ സാഹചര്യത്തിൽ 2011 ലെ കേരള മുൻസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെയും, 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെയും ചട്ടം 24-ൽ താഴെപ്പറയുന്ന വിവരം വ്യക്തത വരുത്തുന്നു.

1) കെട്ടിടം പൂർത്തിയായതായി ഉടമ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ റിപ്പോർട്ട് സമർപ്പിച്ചാൽ 15 ദിവസത്തിനകം, ഉദ്യോഗസ്ഥർ പരിശോധന നടത്തി കെട്ടിട നിർമ്മാണത്തിൽ എന്തെങ്കിലും അപകാതയുണ്ടെങ്കിൽ പ്രസ്തുത വിവരം ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറി കെട്ടിട ഉടമയെ 15 ദിവസത്തിനകം രേഖാമൂലം അറിയിക്കേണ്ടതാണ്.

2) കെട്ടിട നിർമ്മാണ ചട്ടങ്ങൾ അനുശാസിക്കുന്ന വിധത്തിൽ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ടെങ്കിൽ പരിശോധന നടത്തുന്ന ഉദ്യോഗസ്ഥർ അപ്രകാരം സാക്ഷ്യപ്പെടുത്തി 15 ദിവസത്തിനകം ഒക്യുപെൻസി നൽകേണ്ടതാണ്. ഒക്യുപെൻസി നൽകുന്ന തീയതി മുതൽ വസ്തു നികുതി ഈടാക്കുന്നതിന് നടപടി സ്വീകരിക്കാവുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**ശാരദ മുരളീധരൻ**
പ്രിൻസിപ്പൽ സെക്രട്ടറി)

**KERALA AUDIT SERVICE**
Reg.No: KERBIL/2019/78331
Malayalam- English Monthly. Volume 1, Issue 3, Feb 1, 2021, Price: ₹ 20/-




Published by: Anil Kumar S., Printed by: Anil Kumar S. on behalf of Kerala State Audit Association. Printed at New Genial Printers, Sree Ganesh, TC 25/2046, Dharmalayam Road, Opp. Ayurveda College, Thiruvananthapuram-1. Published from Thiruvananthapuram, Kerala State Audit Association, Kripa, TC 14/1034, Chennilode, Kumarapuram, Thiruvananthapuram-695 011. Editor: Manilal V.